VOL NO: 05 | ISSUE 10
www.nerpatham.com
mail@nerpatham.com

2021 MARCH 06 | ₹12

# നേർപഥം

വാരിക




കേരളം വീണ്ടും തെരഞ്ഞെടുപ്പ് ഗോദയിലേക്ക് കാലെടുത്തുവെക്കുകയാണ്. അടുത്ത അഞ്ച് വർഷം ആരു ഭരിക്കുന്നു എന്നതിനപ്പുറം എങ്ങനെ ഭരിക്കുന്നു എന്നതാണ് കേരളത്തിന്റെ ഭൂരിപക്ഷ മനസ്സ് നോക്കിക്കാണാൻ ആഗ്രഹിക്കുന്നത്. കേരളത്തിന്റെ ഭാസുര ഭാവിക്കായി മുന്നോട്ടുവെക്കാനുള്ള ഏതാനും നിർദേശങ്ങൾ.

# വേണം ഒരു പുതു കേരളം

- നവമാധ്യമങ്ങളുടെ ദുരുപയോഗം

**മഹല്ലുകളുടെ ദൗത്യം**

**പേരമക്കളുടെ അനന്തരാവകാശം**

**വഴിതെറ്റുന്ന മക്കളും മിഴിതുറക്കാത്ത രക്ഷിതാക്കളും**

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

# 0216

# നേർപഥം

വാരിക

2021 മാർച്ച് 06

1442 റജബ് 22

പുസ്തകം 05 /ലക്കം 10



Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly









05
**മുഖമൊഴി**
നവമാധ്യമങ്ങളുടെ ദുരുപയോഗം
എഡിറ്റർ

06
**ചരിത്രപഥം**
പ്രവാചകന്റെ ആകാര സവിശേഷതകൾ
ഹുസൈൻ സലഫി, ഷാർജ

18
**ജാലകം**
മഹല്ലുകളുടെ ദൗത്യം
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

21
**ലേഖനം**
പേരമക്കളുടെ അനന്തരാവകാശം
ശബീബ് സ്വലാഹി

26
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

31
**ക്വുർആൻ ദർശനം**
അൽവാഖിഅ (സംഭവം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

34
**നമുക്ക് ചുറ്റും**
വഴിതെറ്റുന്ന മക്കളും മിഴിതുറക്കാത്ത രക്ഷിതാക്കളും
ടി.കെ.അശ്റഫ്

ചലനങ്ങൾ

# 25ാമത് പ്രൊഫ്കോണിന് പ്രൗഢോജ്ജ്വല സമാപനം

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 25ാമത് 'പ്രൊഫ്കോൺ' ആഗോള പ്രൊഫഷണൽ വിദ്യാർഥി സമ്മേളനത്തിന് പ്രൗഢോജ്ജ്വല സമാപനം. അഞ്ച് വേദികളിലായി രണ്ട് ഭാഷകളിൽ അമ്പതിലേറെ സെഷനുകളിലായി ഒരുക്കിയ സമ്മേളനം ആഗോള തലത്തിലെ പതിനായിരക്കണക്കിന് വിദ്യാർഥികളുടെ നിറസാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി. സാധാരണ ജില്ലാ ആസ്ഥാനങ്ങളിൽ പതിനായിരക്കണക്കിന് വിദ്യാർഥികളെ പങ്കെടുപ്പിച്ചു സംഘടിപ്പിക്കാറുള്ള സമ്മേളനം, ഇത്തവണ കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ വിർചൽ ആയി സംഘടിപ്പിച്ചത് നവ്യാനുഭവമായി. ചതുർദിന സമ്മേളനം (ഫെബ്രുവരി 25-28) ഒരേസമയം നിരവധി സെഷനുകൾ ഒരുക്കി മുൻകൂറായി രജിസ്റ്റർ ചെയ്തു പങ്കെടുക്കാവുന്ന വിധമാണ് സജ്ജീകരിച്ചിരുന്നത്.

പ്രൊഫഷണൽ വിദ്യാർഥി തലങ്ങളിലെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക മേഖലകളെ ഉൾക്കൊണ്ട് പരമാവധി ഓൺലൈൻ സാധ്യതകളെ പ്രയോജനപ്പെടുത്തിയുള്ള വൈവിധ്യമാർന്ന ചർച്ചകൾ കൊണ്ട് സമ്മേളനം വ്യതിരിക്തമായി. സംസ്ഥാനത്തിനകത്തും അന്തർ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും നൂറുകണക്കിന് കേന്ദ്രങ്ങളിൽ തൽസമയ 'പ്രൊഫ്കോൺ കഫേ' എന്ന പേരിൽ സമാപന സമ്മേളനത്തിന്റെ പ്രക്ഷേപണം നടന്നു.

സമാപന സമ്മേളനം പ്രമുഖ ക്വുർആൻ വിവർത്തകൻ കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, പീസ് റേഡിയോ സി.ഇ.ഒ പ്രൊഫ. ഹാരിസ് ബിൻ സലീം, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ, റഷീദ് കുട്ടമ്പൂർ, വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽ ഹികമി, ജനറൽ സെക്രട്ടറി കെ.പി. മുഹമ്മദ് ഷമീൽ, ട്രഷറർ കെ. മുനവ്വർ, സെക്രട്ടറിമാരായ ശമീൽ മഞ്ചേരി, ഷഹബാസ് കെ. അബ്ബാസ്, ശദീദ് ഹസൻ തുടങ്ങിയവർ സംസാരിച്ചു.

'വയലറ്റ്സ്' ഗേൾസ് ഗാതറിംഗിൽ സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി, ഡോ. സി. റസീല, ശിഫാ ഹാരിസ്, അലീഫ സുഹൈർ എന്നിവർ സംബന്ധിച്ചു. അക്കാഡമിക് സെഷനിൽ എൻട്രി ആപ്പ് സി.ഇ.ഒ മുഹമ്മദ് നിസാമുദ്ദീൻ, റുസ്തം ഉസ്മാൻ എന്നിവർ പങ്കെടുത്തു.

ശൈഖ് ഇസ്മാഈൽ ബുള്ളോക്ക്, മുഹമ്മദ് ഖാൻ യു.എ.ഇ, ഗബ്രിയൽ അൽ റൊമാനി കാനഡ, ഹംസ സോർട്ടിസ് യു.കെ, ശൈഖ് വാദി അൽ യമാനി കുവൈറ്റ്, നിസാർ നാദിയവാല മുംബൈ, മാസ്റ്റർ അഫാൻ കുട്ടി മുംബൈ, നവാസ് മീരാൻ, ഹുസൈൻ സലഫി, ഫൈസൽ മൗലവി, അബ്ദുൽ ജബ്ബാർ മദീനി, മുഹമ്മദ് സ്വാദിഖ് മദീനി, സഅ്ഫർ സ്വാദിഖ് മദീനി, ശമീർ മദീനി, ശബീബ് സ്വലാഹി, ശുറൈഹ് സലഫി, ഹംസ മദീനി, ത്വൽഹത്ത് സ്വലാഹി, ശാഫി അൽഹികമി, മുഹമ്മദ് അജ്മൽ സി, സഫീർ അൽഹിക്മി, അബ്ദുൽ മാലിക് സലഫി, അൻവർ അബൂബക്കർ, മുശ്താഖ് അൽഹികമി, മുഹമ്മദ് അസ്‌ലം ബിൻ യൂസുഫ്, ശമൽ കരീം എന്നിവർ നേതൃത്വം നൽകി.

**ലേഖകരുടെ ശ്രദ്ധയ്ക്ക്**

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437 mail@nerpatham.com, www.nerpatham.com

മുഖമൊഴി

# നവമാധ്യമങ്ങളുടെ ദുരുപയോഗം

ഫെയ്സ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റഗ്രാം, യുട്യൂബ് പോലുള്ള നവമാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയം ഇന്ന് സർവസാധാരണമാണ്. കഥാകൃത്തുക്കൾ അവരുടെ കഥകളും കവികൾ അവരുടെ കവിതകളും ലേഖകന്മാർ അവരുടെ ലേഖനങ്ങളും വരമൊഴിയായും വാമൊഴിയായും ദൃശ്യരൂപത്തിലുമൊക്കെ ഈ മാധ്യമങ്ങൾ വഴി സമൂഹത്തിലേക്കെത്തിക്കുന്നതിൽ വ്യാപൃതരാണ്.

വിവിധ മത, രാഷ്ട്രീയ നേതൃത്വങ്ങളും പ്രവർത്തകരുമൊക്കെ തങ്ങളുടെ ആശയാദർശങ്ങളുടെ പ്രചാരണത്തിന് ഈ മാധ്യമങ്ങളെ നന്നായി ഉപയോഗിക്കുന്നുണ്ട്. കോവിഡ് കാലം ഇതിന് വല്ലാതെ ആക്കം കൂട്ടിയിട്ടുമുണ്ട്.

സൂക്ഷ്മമായി പരിശോധിച്ചാൽ; നന്മയുടെ പ്രസരണത്തെക്കാൾ തിന്മയുടെ വ്യാപനത്തിനാണ് കൂടുതലായി ഈ മാധ്യമങ്ങളെ ഉപയോഗിക്കുന്നത് എന്ന് കണ്ടെത്താനാകും. എതിരാളിയെ/ എതിർപാർട്ടിയെ/ തനിക്ക് ഇഷ്ടമില്ലാത്ത വ്യക്തികളെ/ സംഘടനകളെ എങ്ങനെയെല്ലാം അപകീർത്തിപ്പെടുത്താനാകുമോ അങ്ങനെയെല്ലാം ചെയ്യാൻ നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തപ്പെടുന്നു. വ്യാജ ഓഡിയോകൾ, വ്യാജ വീഡിയോകൾ (സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റിയത്, ഏതോ രാജ്യത്ത് എന്നോ നടന്ന ചില സംഭവങ്ങളെ വർത്തമാനകാലത്ത് സ്വന്തം നാട്ടിൽ നടന്നതായി അടിക്കുറിപ്പ് നൽകി പോസ്റ്റ് ചെയ്യുന്നവയടക്കമുള്ളത്), മോർഫിംഗ് നടത്തിയ ചിത്രങ്ങൾ...ഇങ്ങനെ പലതും മറ്റുള്ളവരെ അപമാനിക്കുവാനും പരിഹസിക്കുവാനും ഒരുവേള വർഗീയ ധ്രുവീകരണവും കലാപവും ഉണ്ടാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായും നവമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നവരുണ്ട്.

ഒരു വാർത്താശകലം കേൾക്കുമ്പോഴേക്കും അതിനെക്കുറിച്ച് സ്വന്തം താൽപര്യസംരക്ഷണത്തിനോ എതിർപക്ഷത്തെ അടിക്കാനുള്ള വടി എന്ന നിലയിലോ ഭാവനയിൽനിന്ന് വ്യാഖ്യാനം നൽകി നവമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കലും 'ട്രോൾ മഴ' പെയ്യിക്കുന്നതുമൊക്കെ നാം കണ്ടുകൊണ്ടിരിക്കുന്നു. ആ വാർത്തയുടെ സത്യാവസ്ഥ പിന്നീട് പുറത്തുവരുമ്പോൾ ഇവരുടെ വ്യാഖ്യാനമെല്ലാം തലതിരിഞ്ഞതായിരുന്നു എന്ന് ബോധ്യമാകും. അതോടെ അവർ പുതിയ ഇരകളെ തേടിപ്പോകും. അവർ ഉണ്ടാക്കിവെച്ച തെറ്റുധാരണകൾ നിലനിൽക്കുകയും ചെയ്യും.

അനാവശ്യമായ തർക്കവിതർക്കങ്ങൾക്ക് നവമാധ്യമങ്ങളെ ഉപയോഗിക്കുന്ന ഒരുപാടാളുകളുണ്ട്. ഇവർക്കൊന്നും മറ്റൊരു പണിയുമില്ലേ എന്ന് ചോദിക്കാൻ തോന്നും; അത്രമാത്രം ജാഗ്രതയാണവർ തർക്കിക്കുന്ന വിഷയത്തിൽ കാണിക്കുന്നത്. ഉപകാരപ്രദമായ വിഷയത്തിലാണെങ്കിൽ; ആ തർക്കംകൊണ്ട് തർക്കിക്കുന്നവർക്കോ അത് വായിക്കുകയോ കാണുകയോ ചെയ്യുന്നവർക്കോ എന്തെങ്കിലും ഗുണം ലഭിക്കുമെങ്കിൽ തരക്കേടില്ല. എന്നാൽ തർക്കിക്കാൻ മാത്രം തർക്കിക്കുക; അതിലുള്ള തന്റെ സാമർഥ്യം തെളിയിക്കുക, അതിനായി വൃത്തികെട്ട ഭാഷ ഉപയോഗിക്കുക എന്നത് പരിഷ്കൃത സമൂഹത്തിനു ചേർന്നതല്ല എന്നേ പറയാനുള്ളൂ.

സത്യവിശ്വാസികൾ ഇത്തരം കാര്യങ്ങളിൽനിന്ന് അകന്നുനിൽക്കണമെന്നാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അനാവശ്യമായ ചോദ്യങ്ങൾ ഉന്നയിക്കുകയും ഉപകാരപ്രദമല്ലാത്ത അന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നത് അല്ലാഹുവും റസൂലും വിരോധിച്ചിട്ടുണ്ട്. എങ്കിലും വ്യത്യസ്ത സംഘടനകളിൽപെട്ട മുസ്‌ലിംകൾ തമ്മിൽ നവമാധ്യമങ്ങൾ വഴി ആശാസ്യകരമല്ലാത്ത രീതിയിൽ തർക്കവിതർക്കങ്ങൾ നടത്തുന്നത് നാം കാണാറുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലും മറ്റു മേഖലകളിലും നാം കാണുന്ന അനാവശ്യ തർക്കവിതർക്കങ്ങളിൽനിന്ന് അകലം പാലിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.



ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# പ്രവാചകന്റെ ആകാര സവിശേഷതകൾ

**മുഹമ്മദ് നബി ﷺ 12**

കേരളക്കരയിൽ വ്യാപകമായിട്ടുള്ള ചില 'വക' കിതാബുകൾ ഉണ്ട്. അതിൽ 'സലാം ബയ്ത്ത്' എന്ന പേരിൽ ഒരു മൗലിദ് കാണാം. ഒരു മുസ്‌ലിം നബി ﷺയെ കുറിച്ച് എന്താണോ, എങ്ങനെയാണോ വിശ്വസിക്കേണ്ടത്; അതിൽ അതിരുവിട്ട്, അദ്ദേഹത്തെ വിളിക്കുന്നത് കാണുക.

"പാപങ്ങൾ മായ്ച്ചു കളയുന്നവരേ, അങ്ങയുടെമേൽ രക്ഷയുണ്ടാകട്ടെ. വിഷമങ്ങൾ നീക്കുന്നവരേ, അങ്ങയുടെ മേൽ രക്ഷയുണ്ടാകട്ടെ."

നബി ﷺക്ക് സലാം പറയുന്ന ഈരടികളാണ് ഇവിടെ കൊടുത്തിട്ടുള്ളത്. നബി ﷺക്ക് സലാം ചൊല്ലുക എന്നത് തെറ്റല്ല. നമസ്കാരത്തിൽ നബി ﷺക്ക് സലാം പറയാത്തവർ ഇല്ലല്ലോ. എന്നാൽ ഈ ഈരടിയിൽ നബി ﷺയെ വിളിക്കുന്നത് പാപങ്ങൾ മായ്ച്ചുകളയുന്നവരേ, വിഷമങ്ങൾ നീക്കം ചെയ്യുന്നവരേ എന്നൊക്കെയാണ്. 'അൽമാഹിയ്' എന്നത് നബി ﷺയുടെ പേരാണ്. അതിന്റെ അർഥം മറ്റുള്ളവരുടെ പാപങ്ങൾ നബി ﷺ മായ്ച്ചുകൊടുക്കും എന്നല്ല. അതിന്റെ ഉദ്ദേശം അദ്ദേ

ഹത്തെ കൊണ്ട് അല്ലാഹു കുഫ്‌റും (സത്യനിഷേധം) മറ്റും നീക്കം ചെയ്യുന്നു എന്നാണെന്ന് കഴിഞ്ഞ ലക്കത്തിൽ നാം വിവരിച്ചതാണ്. വിഷമങ്ങൾ അകറ്റാനും പാപങ്ങൾ പൊറുക്കപ്പെടാനും പ്രാർഥിക്കേണ്ടത് സ്രഷ്ടാവായ അല്ലാഹുവിനോട് മാത്രമാണ്. അതിന് നബിമാരോ വലിയ്യുകളോ മലക്കുകളോ ഒന്നും അർഹരല്ലതന്നെ.

## സൗന്ദര്യവാനായ പ്രവാചകൻ

നബിﷺയുടെ ആകാരം ആരെയും ആകർഷിക്കും വിധമായിരുന്നു. സ്വഭാവവും വിശ്വാസവും എല്ലാം ഭംഗിയാർന്നതായതു പോലെ ശരീരവും ഭംഗിയുള്ളതും മികവുറ്റതുമായിരുന്നു. നബിﷺയെ കൺകുളിർക്കെ നോക്കിക്കാണാൻ ഭാഗ്യം ലഭിച്ച മഹാന്മാരായ സ്വഹാബികൾ അദ്ദേഹത്തിന്റെ ഭംഗിയെ പറ്റി നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്.

അബൂ ഇസ്ഹാകിൽ(റ)നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ബർറാഅ് പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: അല്ലാഹുവിന്റെ റസൂൽﷺ മനുഷ്യരിൽ ഏറ്റവും ഭംഗിയുള്ള മുഖമുള്ളയാളും (അല്ലാഹു അദ്ദേഹത്തെ സൃഷ്ടിച്ചത്) ഏറ്റവും അഴകാർന്ന രൂപത്തിലുമായിരുന്നു. കൂടുതൽ ഉയരമുള്ളവനോ നന്നേ ഉയരം കുറഞ്ഞവനോ ആയിരുന്നില്ല" (ബുഖാരി).

ഒത്ത ഉയരം. ഏറ്റവുംനല്ല ശരീര ഘടന. പൗരുഷം തുളുമ്പുന്ന, സൗന്ദര്യത്തിന്റെ ഏത് അളവുകോൽ വെച്ച് അളന്നാലും സുന്ദരൻ എന്ന് ആരും പറയുന്ന രൂപം. അതായിരുന്നു മുഹമ്മദ് നബിﷺ.

മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: അബൂ ഇസ്ഹാകിൽ(റ)നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബിﷺയുടെ മുഖം വാളുപോലെ (വെട്ടിത്തിളങ്ങുന്നത്)യായിരുന്നോ എന്ന് ബർറാഅ് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'അല്ല, എന്നാൽ അദ്ദേഹത്തിന്റെ മുഖം ചന്ദ്രനെ പോലെയായിരുന്നു" (ബുഖാരി).

പൂർണചന്ദ്രനെ പോലെ തിളങ്ങുന്ന ഭംഗിയാർന്ന മുഖമായിരുന്നു അവിടുത്തേത്. നബിﷺയുടെ മറ്റു ശരീരപ്രകൃതികൾ വ്യക്തമാക്കുന്ന ചില റിപ്പോർട്ടുകൾ കൂടി കാണുക:

"...ജനങ്ങൾ എഴുന്നേറ്റു. എന്നിട്ട് അവർ അവിടുത്തെ കൈകൾപിടിച്ചു. എന്നിട്ട് അവ(കൈകൾ)കൊണ്ട് അവരുടെ മുഖം തടവി. അദ്ദേഹം (സ്വഹാബി) പറയുന്നു: 'അങ്ങനെ ഞാനും അവിടുത്തെ കൈയിൽ പിടിച്ചു. എന്നിട്ട് അത് (കൈകൾ) എന്റെ മുഖത്ത് വെച്ചു. അപ്പോഴതാ അത്, മഞ്ഞിനെക്കാൾ തണുപ്പുള്ളതും കസ്തൂരിയെക്കാൾ സുഗന്ധമുള്ളതുമാണ്" (ബുഖാരി).

"അദ്ദേഹത്തിന്റെ തലയിലും താടിയിലുമായി വെളുത്ത മുടികൾ ഇരുപത് (എണ്ണം പോലും) ഇല്ലായിരുന്നു" (ബുഖാരി).

അനസിൽ(റ)നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബിﷺയുടെ കൈപ്പത്തിയെക്കാൾ നൈർമല്യമുള്ളതായി കട്ടിയുള്ളതോ നേർത്തതോ ആയ ഒരു പട്ടു(തുണി) ഞാൻ സ്പർശിച്ചിട്ടില്ല. നബിﷺയുടെ വാസനയെക്കാൾ സുഗന്ധമുള്ള ഒരു വാസന ഞാൻ തീരെ മണത്തിട്ടുമില്ല" (ബുഖാരി).

നബിﷺയുടെ തലയിലും താടിരോമങ്ങളിലുമായി എത്ര മുടിയാണ് നരച്ചതെന്നുപോലും സ്വഹാബിമാർക്ക് ക്ലിപ്തമായിരുന്നു!

എല്ലാംകൊണ്ടും അനുഗ്രഹിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു മുഹമ്മദ് നബിﷺ. ഇത്തരത്തിൽ പ്രത്യേകതകളുള്ള ഒരാൾ സർവരാലും അംഗീകൃതനാകുകയും സ്നേഹിക്കപ്പെടുകയും ചെയ്യുമല്ലോ. നബിﷺയുടെ മുടി, വിയർപ്പ്, വസ്ത്രം... മുതലായവ അല്ലാഹുവിൽനിന്നുള്ള ബറകത്ത് ലഭിക്കുന്നതിന് ഉപയോഗിച്ചത് സ്ഥിരപ്പെട്ട റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്.

മറഞ്ഞ മാർഗത്തിലൂടെ ഗുണവും ദോഷവും അല്ലാഹുവിൽനിന്ന് മാത്രമെ പ്രതീക്ഷിക്കാവൂ. ഈ മൗലിക തത്ത്വത്തിന് എതിരല്ല ഇപ്പറഞ്ഞ കാര്യം. ഇവിടെ അല്ലാഹുവിന്റെ ബറകത്ത് ലഭിക്കാൻ അല്ലാഹു കാരണമാക്കിയ ഒന്നാ

> **നബിﷺയുടെ ആകാരം ആരെയും ആകർഷിക്കുംവിധമായിരുന്നു. സ്വഭാവവും വിശ്വാസവും എല്ലാം ഭംഗിയാർന്നതായതു പോലെ ശരീരവും ഭംഗിയുള്ളതും മികവുറ്റതുമായിരുന്നു. നബിﷺ യെ കൺകുളിർക്കെ നോക്കിക്കാണാൻ ഭാഗ്യം ലഭിച്ച മഹാന്മാരായ സ്വഹാബികൾ അദ്ദേഹത്തിന്റെ ഭംഗിയെ പറ്റി നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. ഒത്ത ഉയരം. ഏറ്റവുംനല്ല ശരീര ഘടന. പൗരുഷം തുളുമ്പുന്ന, സൗന്ദര്യത്തിന്റെ ഏത് അളവുകോൽ വെച്ച് അളന്നാലും സുന്ദരൻ എന്ന് ആരും പറയുന്ന രൂപം. അതായിരുന്നു മുഹമ്മദ് നബിﷺ.**

**മറഞ്ഞ മാർഗത്തിലൂടെ ഗുണവും ദോഷവും അല്ലാഹുവിൽനിന്ന് മാത്രമെ പ്രതീക്ഷിക്കാവൂ. ഈ മൗലിക തത്ത്വത്തിന് എതിരല്ല ഇപ്പറഞ്ഞ കാര്യം. ഇവിടെ അല്ലാഹുവിന്റെ ബറകത്ത് ലഭിക്കാൻ അല്ലാഹു കാരണമാക്കിയ ഒന്നാണ് അവിടുത്തെ മുടിയും വസ്ത്രവുമെല്ലാം. എന്നാൽ നബിﷺയോ സ്വഹാബത്തോ മാതൃക കാണിച്ചിട്ടില്ലാത്ത, അല്ലാഹു കാരണമാക്കാത്ത മറ്റുള്ളവ മുഖേന അല്ലാഹുവിൽനിന്ന് ബറകത്ത് പ്രതീക്ഷിക്കൽ ബിദ്അത്താകുന്നതാണ്. ബറകത്ത് പ്രതീക്ഷിക്കൽ അല്ലാഹുവിൽനിന്ന് ആകേണ്ടതിനുപകരം മറ്റു വസ്തുക്കളിൽനിന്ന് ആകുമ്പോൾ അത് ശിർക്കുമാകും.**

ണ് അവിടുത്തെ മുടിയും വസ്ത്രവുമെല്ലാം. എന്നാൽ നബിﷺയോ സ്വഹാബത്തോ മാതൃക കാണിച്ചിട്ടില്ലാത്ത, അല്ലാഹു കാരണമാക്കാത്ത മറ്റുള്ളവ മുഖേന അല്ലാഹുവിൽനിന്ന് ബറകത്ത് പ്രതീക്ഷിക്കൽ ബിദ്അത്താകുന്നതാണ്. ബറകത്ത് പ്രതീക്ഷിക്കൽ അല്ലാഹുവിൽനിന്ന് ആകേണ്ടതിനുപകരം മറ്റു വസ്തുക്കളിൽനിന്ന് ആകുമ്പോൾ അത് ശിർക്കുമാകും.

നബിﷺക്ക് മാത്രമുള്ള ഈ പ്രത്യേകതയെ വലിച്ചുനീട്ടി മഹാന്മാരായി ചിലരെ സ്വയം തെരഞ്ഞെടുത്ത്, അവരുടെ തുപ്പുനീരും അവശിഷ്ടവുമൊക്കെ ബറകത്തായി കാണുന്ന ചില വഴിവിട്ട വിഭാഗക്കാരുണ്ട്. അവരുടെ ഈ രീതി പ്രമാണങ്ങളുടെ പിന്തുണയില്ലാത്തതും സ്വഹാബത്തടക്കമുള്ള പൂർവസൂരികളുടെ മാർഗത്തിന് വിരുദ്ധവുമാകുന്നു.

നബിﷺയുടെ മുടി, വസ്ത്രം, ഉമിനീർ, വിയർപ്പ് മുതലായവയിൽനിന്ന് ഇന്ന് നമുക്ക് ബറകത്ത് എടുക്കുക സാധ്യമല്ല. കാരണം, ഇന്ന് അവയൊന്നും അവശേഷിക്കുന്നില്ല എന്നത് തന്നെ. നബിﷺയുടെതെന്ന് ഉറപ്പിച്ചു പറയാൻ ഒന്നും ഇന്ന് ലോകത്ത് നിലവിലില്ല എന്ന് മഹാന്മാരായ പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്.

"നബിﷺയുടെ വസ്ത്രത്തിൽ പെട്ടതോ അല്ലെങ്കിൽ മുടിയിൽ പെട്ടതോ അല്ലെങ്കിൽ മറ്റു ശേഷിപ്പുകളിൽ പെട്ടതോ ആയ എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ് നാം മനസ്സിലാക്കുന്നത്. ഇവയിൽ എന്തെങ്കിലും ഉള്ള ഒരു സ്ഥലവും ഉറപ്പിക്കാവുന്ന രൂപത്തിൽ സ്ഥിരപ്പെട്ടിട്ടില്ല" (കശ്ഫു ശുബ്ഹാത്തുസ്സൂഫിയ്യ- മുഹമ്മദ് സ്വഖർ).

നബിﷺയുടെ മരണശേഷം സ്വഹാബിമാർ ആരിൽനിന്നും ശേഷക്കാരിലേക്ക് (നബിയെ കൊണ്ട് ബറകത്ത് എടുക്കുക എന്ന രീതി) ചേർത്തിപ്പറഞ്ഞത് ഉണ്ടായിട്ടില്ല. നബിﷺ ഈ ഉമ്മത്തിൽ അബൂബക്റിؓനെക്കാൾ ശ്രേഷ്ഠനായ ഒരാളെ വിട്ടേച്ച് പോയിട്ടില്ലല്ലോ. അദ്ദേഹമായിരുന്നു നബിﷺയുടെ പിൻഗാമി (ഖലീഫ). അദ്ദേഹത്തെ കൊണ്ട് അതിൽപെട്ട ഒന്നുകൊണ്ടും (ബറകത്ത് എടുക്കൽ) ചെയ്യപ്പെട്ടിട്ടില്ല. ഉമറുബ്നുൽഖത്ത്വാബിؓനെ കൊണ്ടും (അപ്രകാരം ചെയ്യപ്പെട്ടിരുന്നില്ല). അദ്ദേഹമാണല്ലോ അബൂബക്റിؓന് ശേഷം ഈ ഉമ്മത്തിലെ ഏറ്റവും ശ്രേഷ്ഠൻ. പിന്നീട് ഉസ്മാനുബ്നു അഫ്ഫാൻؓ. പിന്നീട് അലിؓ. പിന്നെ മറ്റു സ്വഹാബികളും. അവരെക്കാൾ ശ്രേഷ്ഠർ ഈ ഉമ്മത്തിൽ ഇല്ലല്ലോ. അവരിൽനിന്ന് ഒരാളുടെത് പോലും ശരിയായ അറിയപ്പെട്ട വഴിയിലൂടെ അവരെക്കൊണ്ട് ബറകത്ത് എടുക്കുന്ന ഒരാളായി സ്ഥിരപ്പെട്ട് വന്നിട്ടില്ല. അല്ല, നബിﷺയെ പിന്തുടർന്ന അവർ അവിടുത്തെ വാക്കുകളിലും പ്രവർത്തികളിലും ചരിതങ്ങളിലും ഇത് ചുരുക്കുകയാണ് ചെയ്തത്. അപ്പോൾ ഇതെല്ലാം (നബിﷺയല്ലാത്തവരെ കൊണ്ടും നബിﷺയുടെ ശേഷിപ്പുകൾ അല്ലാത്തത് കൊണ്ടും ബറകത്ത് എടുക്കുന്നത്) ഒഴിവാക്കുന്നതിൽ അവർ ഏകാഭിപ്രായത്തിലായിരിക്കുന്നു" (അൽഇഅ്തിസ്വാം- ശാത്വിബി).

നബിﷺയുടെതായി സ്ഥിരപ്പെട്ട് വന്നിട്ടുള്ള ഒരു പ്രത്യേകതയെയും ഒരു മുസ്‌ലിമിന് നിഷേധിക്കാൻ സാധ്യമല്ല. എന്നാൽ നബിﷺയുടെ ശേഷിപ്പുകൾക്ക് പ്രത്യേകതയുള്ളത് കണക്കിലെടുത്ത് മഹാന്മാരെന്ന് പറയുന്നവർക്ക് ഈ മഹത്ത്വം കൽപിക്കലും മുസ്‌ലിമിന് പാടുള്ളതല്ല എന്നതാണ് പൂർവികരും ആധുനികരുമായ പണ്ഡിതന്മാർ നമുക്ക് വിവരിച്ചു തരുന്നത്.

### നബിﷺക്ക് മാത്രമുള്ള അഞ്ച് പ്രത്യേകതകൾ

ജാബിറുബ്നു അബ്ദില്ലാഹിؓൽനിന്ന് നിവേദനം; തീർച്ചയായും നബിﷺ പറഞ്ഞു: "എനിക്ക് മുമ്പ് ഒരാൾക്കും നൽകപ്പെട്ടിട്ടില്ലാത്ത അഞ്ച് കാര്യങ്ങൾ എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ഒരു മാസത്തെ വഴിദൂരത്തിൽ ഭയംകൊണ്ട് ഞാൻ സഹായിക്കപ്പെട്ടിരിക്കുന്നു. ഭൂമി എനിക്ക് പള്ളിയായും ശുദ്ധിയുള്ളതായും

നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതിനാൽ എന്റെ സമുദായത്തിലെ ഒരാൾക്ക് ഏത് സ്ഥലത്തുവെച്ച് നമസ്‌കാര സമയം എത്തിയോ അപ്പോൾ അവൻ (അവിടെ) നമസ്‌കരിക്കട്ടെ. സമരാർജിത സ്വത്തും എനിക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ഇത് എന്റെ മുമ്പുള്ള ഒരാൾക്കും അനുവദിക്കപ്പെട്ടിരുന്നില്ല. എനിക്ക് ശഫാഅത്ത് (ശുപാർശ) നൽകപ്പെടുകയും ചെയ്തിരിക്കുന്നു. (ഓരോ) നബിയും തന്റെ സമുദായത്തിലേക്ക് മാത്രമായി നിയോഗിക്കപ്പെട്ടവരായിരുന്നു. എന്നാൽ ഞാൻ മുഴുവൻ മനുഷ്യരിലേക്കുമായി നിയോഗിക്കപ്പെട്ടിരിക്കുന്നു"(ബുഖാരി).

ഒരു മാസത്തെ വഴിദൂരത്തിൽ ഭയംകൊണ്ട് അവിടുന്ന് സഹായിക്കപ്പെട്ടു എന്നതാണ് ഒന്നാമത്തെ കാര്യം. നബിﷺ ശത്രുവിന്റെ നാട്ടിലേക്ക് എത്തേണ്ട ആവശ്യമില്ലാത്ത വിധത്തിൽ അവരുടെ മനസ്സുകളിൽ ഭയം ഇട്ട് അല്ലാഹു നബിﷺയെ സഹായിച്ചിട്ടുണ്ട്. മുഹമ്മദ് നബിﷺ അന്തിമ പ്രവാചകനാണല്ലോ. എല്ലാ കാലത്തേക്കുമുള്ള, എല്ലാ ദേശക്കാർക്കുമുള്ള, എല്ലാ ഭാഷക്കാർക്കുമുള്ള പ്രവാചകൻ. മുൻകഴിഞ്ഞ പ്രവാചകന്മാരെ പോലെ തന്റെ സമൂഹത്തെ മുഴുവനും കാണാനും അവരിലേക്ക് നേർവഴി എത്തിക്കാനും മുഹമ്മദ് നബിﷺക്ക് സാധിച്ചിട്ടില്ല. കാരണം അദ്ദേഹം അന്ത്യനാൾവരെയുള്ള പ്രവാചകനാണ്. എന്നാൽ നബിﷺ നമുക്ക് കൈമാറിയ ഈ മതം വളരെ വേഗത്തിൽ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നുണ്ട്. ശത്രുക്കൾ ഭയത്തോടെ ഈ മതത്തിന്റെ വളർച്ച നോക്കിക്കാണുകയും ചെയ്യുന്നു.

മുൻകാലക്കാർക്ക് ആരാധനക്കായി നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽവെച്ച് മാത്രമെ ആരാധനകൾ അനുഷ്ഠിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. എന്നാൽ ഈ സമുദായത്തിന് എവിടെവെച്ചും നമസ്‌കരിക്കാൻ അല്ലാഹു അനുവാദം നൽകിയിട്ടുണ്ട്. ഭൂമി മുഴുവനും ശുദ്ധവുമാണ് (ത്വഹൂർ). വുദൂഇന് ത്വഹൂർ ആയ വെള്ളമാണല്ലോ ഉപയോഗിക്കുന്നത്. വെള്ളം കിട്ടാത്ത സമയത്ത് വുദൂഇന് പകരം തയമ്മും ചെയ്താൽ മതി. തയമ്മും ചെയ്യാൻ ഭൂമിയെ മുഴുവനും അല്ലാഹു ത്വഹൂർ ആക്കുകയും ചെയ്തിരിക്കുന്നു. ഇതും നബിﷺക്ക് മാത്രം അല്ലാഹു നൽകിയ ഒരു പ്രത്യേകതയാണ്.



യുദ്ധത്തിൽ ശത്രുക്കൾ ഒഴിവാക്കി പോകുന്ന സ്വത്ത് മുൻ സമുദായങ്ങളിലെ സേനാനികൾക്കോ നബിമാർക്കോ ഉപയോഗിക്കാൻ പാടില്ലായിരുന്നു. എന്നാൽ യുദ്ധാർജിത സ്വത്തായി ലഭിക്കുന്നത് മുഹമ്മദ് നബിﷺക്കും ഈ ഉമ്മത്തിനും ഉപയോഗിക്കാൻ അല്ലാഹു അനുവാദം നൽകിയിട്ടുണ്ട്.

അന്ത്യനാളിൽ മഹ്ശറിൽ വെച്ച് വിചാരണയില്ലാതെ ജനകോടികൾ 'എന്റെ കാര്യം... എന്റെ കാര്യം...' എന്നു പറഞ്ഞ് സ്വന്തം കാര്യത്തിലേക്ക് മാത്രം ചുരുങ്ങുന്ന സമയം. അങ്ങനെ രക്ഷക്കായി പലഭാഗത്തേക്കും നെട്ടോട്ടമോടും. അന്ന് മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ പ്രത്യേകമായ അനുമതി പ്രകാരം സുജൂദിൽ കിടക്കുകയും, (അല്ലാഹു എത്ര കാലമാണോ അപ്രകാരം സുജൂദിൽ കിടക്കാൻ തീരുമാനിക്കുന്നതെങ്കിൽ അത്രയും കാലം സുജൂദിൽ കിടന്ന്) തസ്ബീഹും മറ്റു ദിക്റുകളും ചൊല്ലുകയും, അല്ലാഹുവിന്റെ കൽപനയുണ്ടാകുമ്പോൾ തല ഉയർത്തുകയും ചെയ്യും. നബിﷺയോട് ശുപാർശക്കായി ചോദിക്കാൻ അല്ലാഹു കൽപിക്കുകയും ആ ശുപാർശ അല്ലാഹു സ്വീകരിക്കുകയും ചെയ്യുന്ന ദിവസം. ആദ്യമായി മഹ്ശറിൽ അല്ലാഹു ശുപാർശക്കായി അനുവാദം നൽകും എന്ന പ്രത്യേകതയും മുഹമ്മദ് നബിﷺക്ക് സ്വന്തം.

മുഹമ്മദ് നബിﷺക്ക് മുമ്പുണ്ടായിരുന്ന ഓരോ നബിയും അവരുടെ സമുദായത്തിലേക്ക് മാത്രമായിട്ടായിരുന്നല്ലോ നിയോഗിക്കപ്പെട്ടത്. എന്നാൽ മുഹമ്മദ് നബിﷺ എല്ലാ ആളുകളിലേക്കുമായിട്ടാണ് അയക്കപ്പെട്ടത്. ഇതും മുഹമ്മദ് നബിﷺക്ക് മാത്രമുള്ള പ്രത്യേകയാണ്. **(അവസാനിച്ചില്ല)**

നബീൽ പയ്യോളി
nabeelpayyoly@gmail.com

കവർ സ്റ്റോറി




# വേണം ഒരു പുതു കേരളം

**കേരളം വീണ്ടും തെരഞ്ഞെടുപ്പ് ഗോദയിലേക്ക് കാലെടുത്തുവെക്കുകയാണ്. അടുത്ത അഞ്ച് വർഷം ആരു ഭരിക്കുന്നു എന്നതിനപ്പുറം എങ്ങനെ ഭരിക്കുന്നു എന്നതാണ് കേരളത്തിന്റെ ഭൂരിപക്ഷ മനസ്സ് നോക്കിക്കാണാൻ ആഗ്രഹിക്കുന്നത്. കേരളത്തിന്റെ ഭാസുര ഭാവിക്കായി മുന്നോട്ടുവെക്കാനുള്ള ഏതാനും നിർദേശങ്ങൾ.**

രാജ്യം മറ്റൊരു തെരഞ്ഞെടുപ്പു ചൂടിലേക്ക് കടക്കുകയാണ്. കേരളം, തമിഴ്നാട്, പശ്ചിമബംഗാൾ, അസം എന്നീ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാൻ പോവുകയാണ്. മലപ്പുറം പാർലമെന്റ് മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പും ഇതോടൊപ്പം നടക്കും. സംസ്ഥാന ഭരണത്തെ വിലയിരുത്തുന്നതോടൊപ്പം കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നടപടികളും ഈ തെരഞ്ഞെടുപ്പുകളിൽ സജീവ ചർച്ചയാകും. പ്രത്യേകിച്ച് അസം, പശ്ചിമബംഗാൾ തെരഞ്ഞെടുപ്പുകളിൽ സി.എ.എ, എൻ.ആർ.സി വിഷയങ്ങൾ നിർണായകമാകും.

പണമൊഴുക്കി ഭരണകൂടങ്ങളെ അട്ടിമറിക്കുന്ന ബിജെപി നയങ്ങൾ; പ്രത്യേകിച്ചും പശ്ചിമബംഗാൾ പിടിക്കാൻ നടത്തുന്ന ശ്രമങ്ങൾ രാജ്യം ഉറ്റുനോക്കുകയാണ്. മമതാ ബാനർജിയും കേന്ദ്ര സർക്കാരും തമ്മിൽ മാസങ്ങളായി നട

ക്കുന്ന ഏറ്റുമുട്ടലുകൾക്ക് ജനാധിപത്യത്തിന്റെ മറുപടിയാവും തെരഞ്ഞെടുപ്പ് ഫലം എന്ന പ്രത്യാശയിലാണ് ഇന്ത്യയിലെ ജനാധിപത്യ വിശ്വാസികൾ. കാർഷിക മേഖല കുത്തകകൾക്ക് തീറെഴുതിക്കൊടുക്കുന്ന കേന്ദ്ര നിയമങ്ങൾക്കെതിരെ കർഷകർ മാസങ്ങളായി നടത്തുന്ന സമരങ്ങളോടുള്ള സർക്കാർ സമീപനവും അടക്കം രാജ്യത്തെ നോട്ട് നിരോധനം, തൊഴിലില്ലായ്മ, പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർധന, കൊറോണ പ്രതിരോധപ്രവർത്തനങ്ങൾ എന്നിവകൂടി നിയമസഭാ തെരഞ്ഞെടുപ്പുകളുടെ ഫലങ്ങളിൽ പ്രതിഫലിക്കും എന്നത് തീർച്ചയാണ്.

കേരളം ഇനിയുള്ള അഞ്ചുവർഷം ആര് ഭരിക്കണമെന്ന് ഏപ്രിൽ ആറിന് ജനങ്ങൾ വിധിയെഴുതും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലേതുപോലെ ഒരു മാസത്തോളം ഫലപ്രഖ്യാപനത്തിനായി കാത്തിരിക്കുകയും വേണം. മെയ് മാസത്തിൽ കേരളത്തിൽ പുതിയ സർക്കാർ അധികാരമേൽക്കും. പുതിയ സർക്കാർ മാത്രമല്ല പുതുകേരളം കൂടിയാണ് മെയ്മാസം മുതൽ ഉണ്ടാവേണ്ടത്. കേരള ചരിത്രത്തിലെ ഒരു വഴിത്തിരിവായിരിക്കും ഈ വരുന്ന നിയമസഭാ തെരെഞ്ഞെടുപ്പ് എന്നതിൽ പക്ഷാന്തരമില്ല. കേരളം കാലങ്ങളായി പുലർത്തിപ്പോന്ന വികസന കാഴ്ചപ്പാടുകളെല്ലാം മാറിമറിയുന്ന കാഴ്ചയാണ് ഇന്ന് കാണാൻ സാധിക്കുന്നത്. ഫാസിസ്റ്റ് ശക്തികൾ രാജ്യത്തിന്റെ ഭരണചക്രം കയ്യടക്കി, ജനാധിപത്യമൂല്യങ്ങളെ കാറ്റിൽ പറത്തി ഭരണഘടനാ സ്ഥാപനങ്ങളെ പോലും അട്ടിമറിക്കുന്ന കാഴ്ച രാജ്യത്തെ ഏതൊരു പൗരനെയും വേദനിപ്പിക്കുന്നതാണ്. ഏകാധിപത്യത്തിന്റെ എല്ലാ ലക്ഷണങ്ങളും അവർ കാണിക്കുന്നുണ്ട്. അതിന്റെ പ്രതിഫലനങ്ങൾ കേരളത്തിലും ഉണ്ടെന്നത് യാഥാർഥ്യമാണ്.

വർഗീയ ശക്തികൾക്ക് ഇടം കൊടുക്കാത്തവിധം കേരളം വിധിയെഴുതും എന്ന് മലയാളിക്ക് തീർത്ത് പറയാൻ സാധിക്കും; സാധിക്കണം. അധികാരം പിടിച്ചെടുക്കാനും നിലനിർത്താനും വർഗീയതയെ തഴുകുന്ന, വർഗീയത ആയുധമാക്കുന്ന അധമന്മാരായി രാഷ്ട്രീയ പാർട്ടികൾ മാറില്ലെന്നത് പ്രതീക്ഷിക്കാം. വർഗീയതയല്ല, മറിച്ച് നാടിന്റെ വികസനമാണ് തെരഞ്ഞെടുപ്പുകളിൽ ചർച്ചയാകേണ്ടത്. സമാധാനപരമായ അന്തരീക്ഷത്തിൽ ജീവിക്കാനും മാന്യമായ ജീവനോപാധികൾ ഉണ്ടാവാനും ഏതൊരു പൗരനും ആഗ്രഹിക്കുന്നുണ്ട്. പൗരന്മാരുടെ ക്ഷേമവും നാടിന്റെ വികസനവും സമാധാന അന്തരീക്ഷവുമായിരിക്കണം രാഷ്ട്രീയ പാർട്ടികളുടെയും ഭരണകൂടങ്ങളുടെയും ലക്ഷ്യം. എന്നാൽ അധികാരഭ്രമം പിടികൂടുമ്പോൾ ഇത് മറക്കുകയാണ് പലരും. ലക്ഷ്യം മറക്കുന്ന അത്തരം രാഷ്ട്രീയ നേതൃത്വങ്ങളെ തിരുത്താനും യഥാർഥ അജണ്ടകളിലേക്ക് അവരെ തിരിച്ചുകൊണ്ടുവരുവാനും ജനങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്. ഈ ഉത്തരവാദിത്തം നിർവഹിക്കപ്പെടാതെ പോകുമ്പോൾ വഴിതെറ്റിയ രാഷ്ട്രീയം നമ്മുടെ കൂടി നാശത്തിലേക്ക് തള്ളിവിടും. അതിനാൽ നമുക്ക് കണ്ണും കാതും തുറന്നിരിക്കാം; പാളം തെറ്റുന്ന പാർട്ടികൾക്കെതിരെ.

വിവരസാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടവും മാറിയ ലോകവും നമ്മുടെ കാഴ്ചപ്പാടുകളെയും സങ്കൽപങ്ങളെയും വലിയരീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. കേരളം എന്ന ഒരു കൊച്ചു സംസ്ഥാനത്തു നിന്ന് കാര്യങ്ങളെ നോക്കിക്കണ്ടവരും ചർച്ച ചെയ്തവരും പുതിയകാലത്ത് ലോകോത്തര കേരളത്തെ കുറിച്ച് ചർച്ചചെയ്യുന്നത് അതുകൊണ്ട് തന്നെയാണ്. കൊറോണക്കാലത്ത് ഓൺലൈനായി നാം ലോകത്തെ കണ്ടു, നമ്മുടെ കാഴ്ചപ്പാടുകളിൽ അത് പല മാറ്റങ്ങളുമുണ്ടാക്കി. നമ്മൾ ഇനിയും ബഹുദൂരം മുന്നേറേണ്ടതുണ്ട്. ലോകോത്തര കേരളത്തിലേക്കുള്ള ചുവടുവയ്പിനെക്കുറിച്ചാണ് ഇന്ന് നമ്മൾ ചർച്ച ചെയ്യേണ്ടതും രാഷ്ട്രീയ നേതൃത്വങ്ങളെകൊണ്ട് ചർച്ച ചെയ്യിക്കേണ്ടതും.

വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടതും നടപ്പിലാക്കേണ്ടതും പു

> **വർഗീയ ശക്തികൾക്ക് ഇടം കൊടുക്കാത്ത വിധം കേരളം വിധിയെഴുതും എന്ന് മലയാളിക്ക് തീർത്ത് പറയാൻ സാധിക്കും; സാധിക്കണം. അധികാരം പിടിച്ചെടുക്കാനും നിലനിർത്താനും വർഗീയതയെ തഴുകുന്ന, വർഗീയത ആയുധമാക്കുന്ന അധമന്മാരായി രാഷ്ട്രീയ പാർട്ടികൾ മാറില്ലെന്നത് പ്രതീക്ഷിക്കാം. വർഗീയതയല്ല, മറിച്ച് നാടിന്റെ വികസനമാണ് തെരഞ്ഞെടുപ്പുകളിൽ ചർച്ചയാകേണ്ടത്. സമാധാനപരമായ അന്തരീക്ഷത്തിൽ ജീവിക്കാനും മാന്യമായ ജീവനോപാധികൾ ഉണ്ടാവാനും ഏതൊരു പൗരനും ആഗ്രഹിക്കുന്നുണ്ട്. പൗരന്മാരുടെ ക്ഷേമവും നാടിന്റെ വികസനവും സമാധാന അന്തരീക്ഷവുമായിരിക്കണം രാഷ്ട്രീയ പാർട്ടികളുടെയും ഭരണകൂടങ്ങളുടെയും ലക്ഷ്യം.**

തിയകാലത്തെ ലക്ഷ്യം വെച്ചാവണം. ഇന്നിന്റെ പരിമിതികളിൽ നിന്നല്ല, പത്ത് വർഷത്തിനപ്പുറം വരാൻ സാധ്യതയുള്ള മാറ്റങ്ങളെയെങ്കിലും മുന്നിൽ കണ്ടാവണം പദ്ധതികൾ പ്ലാൻ ചെയ്യേണ്ടത്. പാതയോരങ്ങളിലെ പുതു നിർമിതികൾക്ക് അനുമതി നൽകുന്നതിലും നാളെ വരാൻ സാധ്യതയുള്ള വികസനത്തെ മുന്നിൽ കണ്ടുകൊണ്ടാവണം. എന്നാൽ ഒരു പരിധിവരെ വികസന പദ്ധതികൾക്ക് ഉണ്ടായേക്കാവുന്ന തടസ്സങ്ങളെ ഇല്ലാതാക്കാൻ സാധ്യമാവും.

ഇരുപത്തിയഞ്ച് ലക്ഷം രൂപക്ക് സാമാന്യം നല്ല ഒരു വീട് നമ്മുടെ നാട്ടിൽ പണിയാൻ സാധിക്കുമ്പോഴാണ് 25 ലക്ഷം രൂപ ചെലവഴിച്ച് രണ്ട് തൂണും മേൽക്കൂരയും ഉള്ള ബസ് സ്റ്റോപ്പ് നിർമിക്കുന്നത്! സാമൂഹ്യ മാധ്യമങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ട്രോളുകൾ ധാരാളം കാണാറുണ്ട്. ട്രോളുകൾക്കപ്പുറം സർക്കാർ പദ്ധതികളിൽ ചോർന്നുപോകുന്ന പൊതുസമ്പത്തിനെ കുറിച്ച് ആലോചിക്കണം. അഴിമതിയും വെട്ടിപ്പും തടയാൻ ശക്തമായ സംവിധാനങ്ങൾ ഉണ്ടാവുകയും വേണം. സോഷ്യൽ ഓഡിറ്റിംഗ് സാമൂഹ്യ മാധ്യമങ്ങളിൽ നടക്കുന്നത് ഒരു പരിധിവരെ ഇത്തരം അനീതികളെ ഇല്ലാതാക്കാൻ സഹായകമാവാറുണ്ട്. എന്നാൽ നിയമപരമായ സംവിധാനവും ഭരണകൂടവും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തങ്ങളുടെ സത്യസന്ധതയും സാമൂഹ്യ പ്രതിബദ്ധതയും മറക്കരുത്. അവിഹിതമായി സമ്പാദിക്കില്ലെന്ന് തീരുമാനിക്കുകയും തന്റെ കീഴിൽ ഇത്തരം കൊള്ളരുതായ്മകൾ നടക്കില്ലെന്ന് ബോധ്യപ്പെടുത്തുകയും ചെയ്താൽ അഴിമതികളെ ഒരു പരിധിവരെ ഇല്ലാതാക്കാൻ സാധിക്കും. അതോടൊപ്പം സർക്കാർ പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിൽ കൺസൾട്ടൻസികളും സർക്കാൻ ഏജൻസികളും കാണിക്കുന്ന ഗുരുതരമായ കൃത്യവിലോപം വലിയ സാമ്പത്തിക നഷ്ടത്തിനും ജീവഹാനിക്കും കാരണമാവും. പാലാരിവട്ടം പാലത്തിന് ശേഷം കേരള സർക്കാരും കേന്ദ്ര സർക്കാരും നടപ്പിലാക്കിയ പദ്ധതികളിൽ പെട്ട പാലം നിർമാണങ്ങളിൽ ഉണ്ടായ ക്രമക്കേട് എല്ലാവരും മൗനികളാവാൻ കാരണമായിട്ടുണ്ടാവാം. പൊതുഖജനാവിൽനിന്നും ചെലവഴിക്കുന്ന പണം ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ഭരണകൂടങ്ങൾക്ക് ബാധ്യതയുണ്ട്. ഉദ്ഘാടനത്തിന് വേണ്ടി ബിൽഡിങ് സിമന്റ് തേക്കുന്നതും പെയിന്റ് അടിക്കുന്നതും ഒരേ സമയം നടക്കുന്ന കാഴ്ച കഴിഞ്ഞ ദിവസം സാമൂഹ്യ മാധ്യമങ്ങളിൽ വൈറലായിരുന്നു. സർക്കാരുകളുടെ അവസാന നാളുകളിൽ പദ്ധതികൾ വേഗത്തിൽ തീർക്കുമ്പോൾ അത് ഉപയോഗിക്കുന്നവരുടെ ജീവന് വിലപറയുകയാണ് ചെയ്യുന്നത് എന്ന തിരിച്ചറിവ് നഷ്ടപ്പെടരുത്. ആ തിരിച്ചറിവില്ലായ്മയാണ് ഇത്തരം കൊള്ളരുതായ്മയിലേക്ക് പലപ്പോഴും നയിക്കുന്നത്. സുതാര്യതയും ആത്മാർഥതയും സാമൂഹിക പ്രതിബദ്ധതയും ദീർഘവീക്ഷണവും ഒത്തിണങ്ങിയ പദ്ധതികൾ മാത്രമെ വികസനരംഗത്ത് ആശാവഹമായ മാറ്റങ്ങൾക്ക് നിദാനമാവുകയുള്ളൂ.

വികസന വിരോധികൾ എന്നത് നാം കേട്ടുമടുത്ത വാക്കാണ്. കേരള രാഷ്ട്രീയത്തിൽ പരസ്പരം വികസന വിരോധം ആരോപിക്കുന്നതും പതിവുകാഴ്ചയാണ്. വികസന പദ്ധതികളോടുള്ള കാഴ്ചപ്പാടുകൾ മാറിയാലേ കേരളം മാറുകയുള്ളൂ. ഏതൊരു പദ്ധതിയെയും അന്ധമായി എതിർക്കുന്ന രീതി ഒരിക്കലും അംഗീകരിക്കാവതല്ല. നാടിന്റെ നന്മയിൽ കക്ഷിരാഷ്ട്രീയ ഭേദമന്യെ ഒന്നിക്കാൻ സാധിക്കണം. വികസനം എന്നത് തുടർച്ചയാണ്; അതിന് ഒടുക്കമില്ല. അതുകൊണ്ട്തന്നെ ഒരു സർക്കാരിന്റെ വികസന പദ്ധതികൾ അടുത്ത സർക്കാർ തുടരേണ്ടതാണ്. നിലവിലുള്ള സർക്കാർ പദ്ധതികൾ പാടെ ഉപേക്ഷിക്കുക എന്നത് അപ്രായോഗികമാണ്, പാടില്ലാത്തതാണ്.

ജനങ്ങളെയും പാർട്ടികളെയുമൊക്കെ വിശ്വാസത്തിലെടുത്തും അവരെ ബോധ്യപ്പെടുത്തിയും മുന്നോട്ട് പോയാൽ പദ്ധതികൾ വേഗത്തിലും നഷ്ടം കൂടാതെയും പൂർത്തിയാക്കാനാവും. അതിനപ്പുറം ജനങ്ങളുടെ പിന്തുണയും ഉണ്ടാവും. എന്തിനെതിരെയും അന്ധമായി പ്രതികരിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്യുക എന്നതാണ് രാഷ്ട്രീയ പ്രവർത്തനം എന്ന ചിന്ത മാറണം. നിർമാണാത്മകമായ രാഷ്ട്രീയ അന്തരീക്ഷവും രാഷ്ട്രീയ പ്രവർത്തനവുമാണ് പുതുകേരളം ആവശ്യപ്പെടുന്നത്. അനീതിക്കെതിരെ ശബ്ദിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ അത് മാത്രമാണ് രാഷ്ട്രീയ പ്രവർത്തനം എന്ന് തെറ്റിദ്ധരിച്ചിരിക്കുകയാണോ നമ്മുടെ നാട്ടിലെ പാർട്ടികൾ എന്ന് പലപ്പോഴും തോന്നാറുണ്ട്. സമൂഹത്തിന്റെ നന്മയാവണം പാർട്ടികളുടെ ലക്ഷ്യം, നശീകരണമല്ല. നിർമാണാത്മകമായ പദ്ധതികളും പരിപാടികളുമാണ് പാർട്ടികൾക്കും സംഘടനകൾക്കും ഉണ്ടാവേണ്ടത്.

സമൂഹത്തിൽ സമാധാനപരമായും ക്രിയാത്മകമായും ഇടപെടാൻ ഒരുപാട് ഇടങ്ങളും സാധ്യതകളും നിലനിൽക്കെ പ്രതിഷേധങ്ങളും അക്രമങ്ങളും അ

രങ്ങേറുന്നത് രാഷ്ട്രീയ പ്രവർത്തകരുടെ കാഴ്ചപ്പാടിന്റെകൂടി പ്രശ്നമാണ്. രാജ്യത്തിന്റെ ചരിത്രവും തങ്ങൾ നിലകൊള്ളുന്ന പ്രസ്ഥാനത്തിന്റെ ദാർശനിക അടിത്തറയും പ്രവർത്തകർക്ക് പകർന്നുനൽകുന്നതിൽ വരുന്ന വീഴ്ചയാണ് ഇതിന് കാരണം. രാഷ്ട്ര പുനർനിർമാണ പ്രക്രിയയിൽ പങ്കാളികളാവലാണ് പൗരന്റെ ദൗത്യം; പ്രത്യേകിച്ച് രാഷ്ട്രീയ പ്രവർത്തകരുടെത്. ഇത് മറക്കുന്നതാണ് വികസന വിരോധികളും അക്രമകാരികളുമായി രാഷ്ട്രീയ പ്രവർത്തകർ മാറാനുള്ള കാരണങ്ങളിൽ ഒന്ന്. അക്രമവും അടിച്ചമർത്തലുകളും ഒന്നിനും പരിഹാരമല്ല. ഇന്ത്യ ലോകത്തിന് സമ്മാനിച്ച സഹനസമരത്തിന്റെ മഹത്തായ മാതൃകയുണ്ട്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമകളായ ബ്രിട്ടീഷുകാരിൽനിന്നും രാജ്യം സ്വതന്ത്രമായത് അക്രമ സമരങ്ങളിലൂടെയായിരുന്നില്ല. സമാധാനപരവും എന്നാൽ ക്രിയാത്മകവുമായ സമര മുറയ്ക്ക് മുമ്പിൽ അനീതിയുടെ വക്താക്കൾക്ക് പിടിച്ചുനിൽക്കാൻ സാധിച്ചില്ല എന്നതാണ് യാഥാർഥ്യം. ഇത് സ്വതന്ത്ര ഇന്ത്യയെന്ന സ്വപ്നം പൂവണിയാൻ ഹേതുവായി.

ഇന്ദ്രപ്രസ്ഥത്തിൽ ഇന്ന് നടക്കുന്ന സമരവും സമാനമാണ്. അക്രമരഹിതമായ കർഷകസമരത്തിൽ അക്രമം അഴിച്ചുവിടാൻ ചില ബാഹ്യശക്തികൾ ശ്രമിച്ചുവെങ്കിലും കർഷകർ കൃത്യമായ ഇടപെടലുകൾ നടത്തി അത്തരം പ്രവണതകളെ മുളയിലേ നുള്ളി. പൗരത്വ സമരത്തിലും ഇതായിരുന്നു അവസ്ഥ. സമാധാനപരമായ സമരങ്ങൾക്ക് മുമ്പിൽ ഏത് അനീതിയുടെ ഗോപുരങ്ങളും തകർന്നടിയും; ചരിത്രം സാക്ഷി. എന്നാൽ അക്രങ്ങൾ നമ്മുടെ നിലപാടുകളെ അനുകൂലിക്കുന്നവരെ പോലും പ്രതിപക്ഷത്ത് നിർത്തുവാനേ കാരണമാവൂ. അത്തരം സമരങ്ങളെ അടിച്ചമർത്താനും ഇല്ലായ്മ ചെയ്യാനും ഭരണകൂടത്തിന് എളുപ്പവുമാണ്. അതുകൊണ്ട് പ്രതിഷേധങ്ങളും സമരങ്ങളും സമാധാനപരവും ക്രിയാത്മകവും ആവട്ടെ. അനീതിയെ നീതികൊണ്ട് മേത്രമെ തോൽപിക്കാൻ സാധിക്കുകയുള്ളൂ. നമ്മൾ നശിപ്പിക്കുന്ന ഓരോ പൊതുമുതലും നമുക്ക് തന്നെ ഭാരമാവും. അത് നികുതിയും മറ്റുമായി നമ്മൾ തന്നെ തിരിച്ചടക്കേണ്ടതാണ് എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതുണ്ട്.

### അടിസ്ഥാന സൗകര്യങ്ങൾ

ഏതൊരു നാടിന്റെയും വികസനത്തിന്റെ അളവുകോൽ അടിസ്ഥാന സൗകര്യങ്ങളാണ്. അടിസ്ഥാന സൗകര്യങ്ങളുടെ കാലാനുസൃതമായ മാറ്റവും വികസനവും നാടിന്റെ പൊതു വികസന പദ്ധതികളുടെ വേഗതയെയും ഫലപ്രാപ്തിയെയും സ്വാധീനിക്കും. റോഡ്, കുടിവെള്ളം, പൊതു ടോയ്‌ലറ്റുകൾ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ, കേബിൾ, ഇൻറർനെറ്റ് കണക്ടിവിറ്റി, വൈദ്യുതി തുടങ്ങിയവ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പ്രധാനമായി ശ്രദ്ധിക്കേണ്ട മേഖലകളിൽ ചിലതാണ്.

ഗതാഗത സൗകര്യങ്ങൾ നാടിന്റെ ഏറ്റവും അടിസ്ഥാനപരമായ ആവശ്യമാണ്. കേരളത്തിൽ മികച്ച ഗതാഗത സൗകര്യങ്ങൾ വരേണ്ട കാലം അതിക്രമിച്ചു എന്നതിൽ ആർക്കും തർക്കമില്ല. മുമ്പ് എക്സ്പ്രസ്സ് ഹൈവേയുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഇത് കേരളത്തെ കീറിമുറിക്കുന്ന പദ്ധതിയാണെന്നും ഹൈവേയുടെ അപ്പുറത്തുനിന്ന് എതിർവശത്ത് പശുവിനെ കെട്ടാൻ കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടിവരുമെന്നുമടക്കമുള്ള ബാലിശമായ വാദങ്ങൾ ചിലർ പ്രചരിപ്പിച്ചു. അതോടെ ഈ പദ്ധതി നടക്കാതെ പോയി. വർഷങ്ങൾ പിന്നിടുമ്പോൾ അത്തരമൊരു ഒരു ഗതാഗത സൗകര്യം അനിവാര്യമെന്ന് കേരളം ഒന്നടങ്കം പറയുന്ന അവസ്ഥയിലേക്ക് മാറി. മണിക്കൂറുകൾ നടുറോഡിൽ കിടക്കേണ്ട അവസ്ഥയാണ് കേരളത്തിലെ പ്രധാന നഗരങ്ങളിൽ! നഷ്ടപ്പെട്ടുപോകുന്ന ഈ സമയങ്ങളിൽ സർക്കാരുകളെ പഴിപറയുന്നവരാണ് നമ്മളെല്ലാം. അതിന് പരിഹാരം ഉണ്ടായേ തീരൂ. എക്സ്പ്രസ്സ് ഹൈവേയായാലും അതിവേഗ പാതയായാലും കേരളത്തിന്റെ തെക്കേ അറ്റംമുതൽ വടക്കേ അറ്റംവരെ ഏറ്റവും കുറഞ്ഞ സമയത്ത് എത്താവുന്ന രീതിയിൽ ഗതാഗത സൗകര്യം വേണം എന്നത് കേരളത്തിന്റെ ആവശ്യമാണ്. നിലവിലുള്ള ബൈപാസുകളെയും മറ്റും കോർത്തിണക്കിയുള്ള പദ്ധതിയാണ് ദ്രുതഗതിയിൽ നടപ്പാക്കേണ്ടത്. കേരളത്തിന്റെ കിഴക്ക് മലയോരപ്രദേശങ്ങളാണ്. അവിടെയും ഗതാഗത സൗകര്യങ്ങളിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാവേണ്ടതുണ്ട്. പടിഞ്ഞാറ് അറബിക്കടലിനെ തഴുകിയാണ് കേരളം ഉറങ്ങുന്നത്. ജലപാത എന്നത് യാഥാർഥ്യമാക്കാവുന്ന കാര്യമാണ്. റോഡ്, റെയിൽ, കപ്പൽ തുടങ്ങി വിവിധ തരത്തിലുള്ള ഗതാഗത സൗകര്യ വികസനങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് എത്താനുള്ള ആദ്യപടിയാണ്.

കേരളം ജനസാന്ദ്രതയേറിയ സംസ്ഥാനമാണ്. അതുകൊണ്ട് തന്നെ വികസനങ്ങളിൽ മാനുഷിക കാഴ്ചപ്പാടുകൾ കൂടി പരിഗണിക്കപ്പെടണം. കുടിയൊഴിപ്പിക്കേണ്ടി വരുന്നവർക്ക് പുനരധിവാസം ഉറപ്പ് വരുത്തുകയും അവർ

ക്ക് അർഹമായ നഷ്ടപരിഹാരം എത്രയും നേരത്തെ ലഭ്യമാക്കുകയും വേണം. കുടിയൊഴിപ്പിക്കലുകൾ പരമാവധി കുറച്ചുകൊണ്ടുള്ള അലൈന്മെന്റുകൾക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്.

മാലിന്യ നിർമാർജനമാണ് ഈ രംഗത്ത് കേരളം ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട മറ്റൊരു കാര്യം. ഏതൊരു ഇടവും വൃത്തിയുണ്ടാവുക എന്നത് നമ്മുടെ എല്ലാവരുടെയും ആഗ്രഹമാണ്. വിദേശ രാജ്യങ്ങൾ ഈ രംഗത്ത് ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. എന്നാൽ നമ്മുടെ നഗരങ്ങൾ പലതും ഇന്നും മലീമസവും ദുർഗന്ധപൂരിതവുമാണ്. അത് മാറണം, മാലിന്യം പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്ന സാമൂഹ്യ ദ്രോഹികളും ധാരാളമുണ്ട്. ജനസാന്ദ്രത കൂടിയ ഇടം എന്ന നിലയിൽ മാലിന്യ സംസ്കരണത്തിന് പ്രധാന പരിഗണന നൽകൽ അനിവാര്യമാണ്. മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കാനുള്ള സൗകര്യം വീടുകളിലും കടകളിലും പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലുമെല്ലാം ഉണ്ടാവണം. അത് ശേഖരിച്ച് സംസ്കരിക്കാനും പദ്ധതികൾ ഉണ്ടാവണം. സംസ്ഥാന തലത്തിലും വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും തൊഴിലുറപ്പ്, കുടുംബശ്രീ പദ്ധതികളുടെ പങ്കാളിത്തത്തോടെ ഇത് നടപ്പാക്കാൻ സാധിക്കണം.

> **ഏതാനും ചില സ്ഥാപനങ്ങളിൽ മാത്രമാണ് വിരലിൽ എണ്ണാവുന്ന അന്യസംസ്ഥാന വിദ്യാർഥികൾ കേരളത്തിൽ പഠനത്തിന് എത്തുന്നത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് തുലോം തുച്ഛം. വിദ്യാഭ്യാസ രംഗത്ത് നമ്പർ വൺ എന്നവകാശപ്പെടുന്ന കേരളത്തെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ആശ്രയിക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം ഉണ്ടാക്കിയാൽ മാത്രമെ കേരളം ലോകനിലവാരത്തിലേക്ക് വളരൂ. അതോടൊപ്പം ഐ.ഐ.എം, ഐ.ഐ.ടി തുടങ്ങിയ സ്ഥാപനങ്ങളും കേരളത്തിൽ ഉണ്ടാവേണ്ടതുണ്ട്, വിദേശ സർവകലാശാലകളുടെ കേന്ദ്രങ്ങൾ കേരളത്തിൽ തുടങ്ങാനും നടപടികൾ ഉണ്ടാവണം.**

### പാർപ്പിടം

അന്തിയുറങ്ങാനൊരു കൂര എന്നത് ഏതൊരാളുടെയും സ്വപ്നമാണ്. എന്നാൽ അത് അന്യമായ ലക്ഷക്കണക്കിന് ആളുകൾ നമ്മുടെ സംസ്ഥാനത്ത് ഇന്നുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അർഹതരായ ആളുകളെ കണ്ടെത്തുകയും അഴിമതി രഹിതമായി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്താൽ അഞ്ചുകൊല്ലം കൊണ്ട് കേരളത്തിൽ ഭവനരഹിതർക്ക് മുഴുവൻ വീട് നൽകാൻ സാധിക്കും. അതിനുള്ള ഇച്ഛാശക്തിയും പാവങ്ങളോടുള്ള അനുകമ്പയുമാണ് ആവശ്യം. അതില്ലാത്തതാണ് മണിമാളികളിൽ അന്തിയുറങ്ങുന്നവർ പാവങ്ങളുടെ ഭവന പദ്ധതിയുടെ മറവിൽ പോലും തട്ടിപ്പുകൾ നടത്തുന്നത്.

### വിദ്യാഭ്യാസം

മലയാളികൾ സമ്പൂർണ സാക്ഷരതയുടെ പേരിൽ അഭിമാനം കൊള്ളുന്നവരാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് മലയാളികൾ മത്സരപരീക്ഷകളിലും മറ്റും പിന്നാക്കം പോകുന്നതിന്റെ കാരണം ഇനിയെങ്കിലും നമ്മുടെ ഭരണാധികാരികളുടെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും കണ്ണ് തുറപ്പിക്കണം. വിദ്യാഭ്യാസ രംഗത്ത് ലോകം വലിയ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. അതിനനുസരിച്ച് നമ്മളും മാറേണ്ടതുണ്ട്. സർവകലാശാലകളിലെ ബന്ധുനിയമനവും അയോഗ്യരുടെ കുത്തിക്കയറ്റവും അധ്യാപക, അനധ്യാപക, വിദ്യാർഥി സമരങ്ങളും രാഷ്ട്രീയ പാർട്ടികളുടെ അനാവശ്യ ഇടപെടലുകളുമെല്ലാം കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്നതാണ്.

മുമ്പൊരിക്കൽ കേരളത്തിലെ ഒരു വിദ്യാഭ്യാസ വിദഗ്ധനുമായി കൂടിക്കാഴ്ച നടത്തവെ ലോകത്ത് വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന മാറ്റങ്ങൾ കണ്ടറിഞ്ഞതും അത് അനുഭവിച്ചതും അത്തരം പരിഷ്കാരങ്ങൾ കേരളത്തിന്റെ ഭാവിയിൽ അനിവാര്യമാണെന്നും അദ്ദേഹം വിശദീരിക്കുകയുണ്ടായി. എങ്കിൽ അത് കേരളത്തിലും നടപ്പാക്കിക്കൂടേ എന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞത് 'ഉന്നത വിദ്യാഭ്യാസ മേഖലയിലെ അനധ്യാപക ജീവനക്കാർ ഇത്തരം പരിഷ്കാരങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു' എന്നാണ്. സർവകലാശാലകളിൽ അക്കാദമിക് ബ്ലോക്കുകളെക്കാൾ വലിയ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കുകളാണ് ഉള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനധ്യാപകരുടെ കയ്യിലാണ് എന്ന് ചുരുക്കം. ദൽഹി യൂണിവേഴ്സിറ്റി പരീക്ഷ ഭവൻ ഒരു റൂമോ മറ്റോ ആണെങ്കിൽ കാലിക്കറ്റ് സർവകലാശാല പരീക്ഷാഭവന്റെ

വലിപ്പം നോക്കൂ എന്നദ്ദേഹം പറഞ്ഞത് ചിന്തനീയമാണ്. സാങ്കേതിക വിദ്യകൾ വളർന്ന കാലത്തും സാങ്കേതിക കെട്ടിക്കുടുക്കുകൾ ഇടാനാണ് നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്ക് താൽപര്യം. നമ്മുടെ വിദ്യാഭ്യാസം തൊഴിലുമായി ബന്ധിതമല്ല എന്നത് ഒരു പ്രധാന പ്രതിസന്ധിയാണ്. തൊഴിൽ ബന്ധിത വിദ്യാഭ്യാസ പദ്ധതി ആവിഷ്‌ക്കരിച്ച് നടപ്പിലാക്കാൻ ഇനിയും വൈകരുത്. വിദ്യാഭ്യാസ മേഖലയിൽ അടിമുടി പരിഷ്‌കാരങ്ങൾ ഉണ്ടായേ തീരൂ.

താളം തെറ്റിയ അധ്യയന ക്രമവും പരീക്ഷകളും സമരങ്ങളും എല്ലാം കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ തകർത്തു. അതുകൊണ്ട് തന്നെയാണ് കേരളത്തിലെ വിദ്യാർഥികൾക്ക് അന്യസംസ്ഥാനങ്ങളിൽ ഉന്നതവിദ്യാഭ്യസത്തിന് പോകേണ്ടി വരുന്നത്. ഇഫ്ളുവും അലിഗർ സർവകലാശാലയുടെ കേന്ദ്രവും എൻ.ഐ.സ്.ടി അടക്കം ഏതാനും ചില സ്ഥാപനങ്ങളിൽ മാത്രമാണ് വിരലിൽ എണ്ണാവുന്ന അന്യസംസ്ഥാന വിദ്യാർഥികൾ കേരളത്തിൽ പഠനത്തിന് എത്തുന്നത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് തുലോം തുച്ഛം. വിദ്യാഭ്യാസ രംഗത്ത് നമ്പർ വൺ എന്നവകാശപ്പെടുന്ന കേരളത്തെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ആശ്രയിക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം ഉണ്ടാക്കിയാൽ മാത്രമെ കേരളം ലോകനിലവാരത്തിലേക്ക് വളരൂ. അതോടൊപ്പം ഐ.ഐ.എം, ഐ.ഐ.ടി തുടങ്ങിയ സ്ഥാപനങ്ങളും കേരളത്തിൽ ഉണ്ടാവേണ്ടതുണ്ട്, വിദേശ സർവകലാശാലകളുടെ കേന്ദ്രങ്ങൾ കേരളത്തിൽ തുടങ്ങാനും നടപടികൾ ഉണ്ടാവണം.

ബാംഗ്ലൂരിലെ അസിംപ്രേംജി വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് ഒരു മാതൃകയായി സ്വീകരിക്കാവുന്നതാണ്. വിപ്രോ കമ്പനി അതിന്റെ സാമൂഹിക ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനം. അതിന്റെ മേധാവികളുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ വലിയ ബഹുമാനം തോന്നി. ഇന്ത്യയിൽ തന്നെ ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ ഒന്നാണ് അസിം പ്രേംജി യൂണിവേഴ്‌സിറ്റി. കോർപ്പറേറ്റുകൾ എല്ലാ മേഖലയിലും കടന്നുകയറി പാവങ്ങളുടെ വയറ്റത്തടിക്കുന്ന വാർത്തകളാണ് നമ്മൾ നിത്യേന കേൾക്കാറുള്ളത്. എന്നാൽ ഇവിടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വിദ്യാർഥികൾ ഉന്നത പഠനത്തിനായി എത്തുന്നു. ബഹുഭൂരിപക്ഷവും പാവപ്പെട്ടവർ, ഗ്രാമങ്ങളിൽനിന്നുള്ളവർ. അവർക്ക് പൂർണമായോ ഭാഗികമായോ സൗജന്യമാണ് പഠനം. പഠനം പൂർത്തിയാക്കി തിരിച്ച് തങ്ങളുടെ ഗ്രാമത്തിൽ പോയി വിദ്യാഭ്യാസ പ്രവർത്തനങ്ങളും ജോലി ചെയ്യണമെന്നാണ് കുട്ടികളോട് പറയാറുള്ളത്; നിർബന്ധിക്കാറില്ല-ഇതായിരുന്നു മേധാവികളുടെ വാക്കുകൾ. നമുക്കും ഈ മാതൃകയിൽ സ്വകാര്യ യൂണിവേഴ്‌സിറ്റികൾക്ക് അംഗീകാരം നൽകാം. കർണാടക സർക്കാർ പ്രത്യേക നിയമനിർമാണം നടത്തിയാണ് ഈ സ്ഥാപനം യാഥാർഥ്യമാക്കിയത്.

കോർപ്പറേറ്റ് താൽപര്യങ്ങൾ സംരക്ഷിക്കാൻ ജനാധിപത്യ സംവിധാനങ്ങളെ വിലയ്ക്ക് വാങ്ങുന്ന ഇക്കാലത്ത് സാമൂഹിക പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ കേരളത്തിലെ വൻകിടക്കാർക്ക് സാധിക്കാതെ പോകുന്നതെന്തെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. അവർ തദ്ദേശ സ്ഥാപനങ്ങളെ വിലക്കെടുത്ത് കിഴക്കമ്പലം മോഡൽ നിർമിക്കുന്ന തിരക്കിൽ സ്വന്തം കമ്പനി നിൽക്കുന്ന വാർഡിൽ ഒരിക്കലും ജയിക്കാതിരിക്കുന്നത് കൂടി ചേർത്ത് വായിക്കുമ്പോൾ കിഴക്കമ്പലം മോഡലല്ല; അസിം പ്രേംജി മോഡലാണ് വേണ്ടതെന്നാണ് ഈയുള്ളവന്റെ പരിമിതമായ അന്വേഷണത്തിന്റെ വെളിച്ചത്തിലുള്ള അഭിപ്രായം.

### കൃഷി

കാർഷികവൃത്തിക്ക് അനുഗുണമായ നാടാണ് കേരളം. കാർഷിക മേഖലയ്ക്ക് പുത്തനുണർവ് സമ്മാനിക്കുന്നതാവണം പുതു കേരളം. കാർഷിക വിഭവങ്ങൾക്ക് താങ്ങുവില, ഉപകരണങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ, സംഭരണം, വിതരണം തുടങ്ങി കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്‌നങ്ങളെ അഡ്രസ്സ് ചെയ്യാനും പരിഹാര പദ്ധതികൾ നടപ്പിലാക്കാനും പുതുകേരളത്തിനാവണം. ലോകത്ത് വലിയ മാർക്കറ്റുള്ള ധാരാളം വിഭവങ്ങൾ കേരളത്തിന്റെ കാർഷിക മേഖലയിലുണ്ട്. അവയെ കൃത്യമായി ഉപയോഗപ്പെടുത്താനും കർഷകർക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനും പദ്ധതികൾ നടപ്പിലാക്കണം. കുത്തക കമ്പനികൾ തുച്ഛമായ വിലയ്ക്ക് കൈവശപ്പെടുത്തിയ കൃഷിഭൂമി തിരിച്ചെടുത്ത് കർഷകർക്ക് ലഭ്യമാക്കുകയും പ്രകൃതിയോട് ചേർന്ന കാർഷിക സംസ്‌കാരം വളർത്തിയെടുക്കാനും സാധിക്കണം. ഉപഭോക്തൃ സംസ്ഥാനമായ കേരളം കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ തക്കവണ്ണം കേരളത്തിലെ കൃഷിയിടങ്ങൾ സജീവ

മാക്കാനുള്ള പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കാൻ സാധിക്കണം. കോവിഡ് കാലത്ത് തുടങ്ങിയ അത്തരം പദ്ധതികൾക്ക് നല്ല തുടർച്ചയുണ്ടാവണം.

### വ്യവസായം

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഹോൾസെയിൽ വിൽപന നടക്കുന്ന കാലത്താണ് നമ്മൾ നിലകൊള്ളുന്നത്. നമ്മുടെ നാട്ടിലെ വ്യവസായ സംരംഭങ്ങൾക്ക് എന്ത് സംഭവിക്കുന്നു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. തൊഴിലാളി സമരങ്ങളാൽ താഴുവീണ നിരവധി വ്യവസായ സംരംഭങ്ങൾ നമുക്ക് ചുറ്റുമുണ്ട്. മാറണം ഈ അവസ്ഥ. മുതലാളിയും തൊഴിലാളിയും അല്ലെങ്കിൽ തൊഴിൽ സ്ഥാപനവും തൊഴിലാളിയും തമ്മിൽ ശത്രുക്കളാണെന്ന മിഥ്യാധാരണ മലയാളിക്കുണ്ടോ എന്ന് സമരങ്ങൾ കാണുമ്പോൾ തോന്നിപ്പോകും. തൊഴിലാളികളും മുതലാളിമാരും പരസ്പരം ബഹുമാനിക്കാനും പരിഗണിക്കാനും തയ്യാറായാൽ ഈ പ്രതിസന്ധി മറികടക്കാൻ സാധിക്കും. യന്ത്രവൽക്കരണത്തെയും കമ്പ്യൂട്ടർവൽക്കരണത്തെയുമെല്ലാം കണ്ണടച്ച് എതിർത്ത കൂട്ടത്തിൽ വ്യവസായങ്ങളെയും നമ്മുടെ നാട് അന്ധമായി എതിർത്തതാണ് നാടിന്റെ സമ്പദ്ഘടനക്ക് താങ്ങായി മാറേണ്ട വ്യവസായങ്ങൾ ഇല്ലാതെ പോയത്. കടത്തിന് മുകളിൽ കടം വാങ്ങിയും ലോട്ടറിവിറ്റും മദ്യപാനികളുടെ പോക്കറ്റടിച്ചുമാണ് കേരളം ജീവിക്കുന്നത്. ഇത് എത്രകാലം സാധിക്കും?

സാമ്പത്തിക അഭിവൃദ്ധിക്ക് പലിശാധിഷ്ഠിതവും ചൂഷണാധിഷ്ഠിതവുമായ സമ്പത്ത് ഘടന എന്നും വിഘാതമാണ്. മലയാളികൾ മനസ്സുവെച്ചാൽ രാജ്യത്തെ തന്നെ സാമ്പത്തിക ഭദ്രതയുള്ള നമ്പർ വൺ സംസ്ഥാനമായി നമുക്ക് മാറാൻ സാധിക്കും, വ്യവസായ സൗഹൃദ അന്തരീക്ഷം ഉണ്ടാവും എന്ന രാഷ്ട്രീയ പാർട്ടികളും പ്രഖ്യാപനത്തെ നമുക്ക് മുഖവിലക്കെടുക്കാം, കേരളത്തിന് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ വരും എന്ന് പ്രതീക്ഷിക്കാം. മാനുഷിക മുഖം നഷ്ടപ്പെട്ട അഴിമതിക്കാരും സാമൂഹിക വിരുദ്ധരുമായ ഉദ്യോഗസ്ഥ, രാഷ്ട്രീയ ലോബിക്ക് മുന്നിൽ ആത്മഹത്യ ചെയ്യേണ്ടി വന്ന സാജൻ അടക്കമുള്ളവരുടെ ഗതി ഇനിയുള്ളകാലത്ത് കേരളത്തിൽ ആർക്കും ഉണ്ടാവില്ലെന്ന് കൂടി പ്രത്യാശിക്കാം.

### തൊഴിൽ

കഴിഞ്ഞ ഏതാനും മാസങ്ങൾ നമ്മൾ ചർച്ച ചെയ്തത് തൊഴിലില്ലായ്മയും താൽക്കാലിക, പിൻവാതിൽ നിയമനങ്ങളും ആയിരുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ലക്ഷക്കണക്കിന് ചെറുപ്പക്കാർ കേരളത്തിലുണ്ട്. കോവിഡ് തീർത്ത പ്രതിസന്ധിയിൽ ജോലി നഷ്ടപ്പെട്ടവർ, അന്യസംസ്ഥാനത്തുനിന്നും വിദേശ രാജ്യങ്ങളിൽനിന്നും വന്നവർ വേറെയും. എല്ലാവർക്കും സർക്കാർ തലങ്ങളിൽ ജോലി നൽകുക എന്നത് അപ്രായോഗികമാണ്. എന്നാൽ പൊതു, സ്വകാര്യ മേഖലകളിൽ ജോലി സാധ്യതകൾ സൃഷ്ടിക്കുക എന്നതാണ് അടുത്ത സർക്കാർ അടിയന്തിരമായി ചെയ്യേണ്ടത്. പതിനായിരക്കണക്കിന് ചെറുപ്പക്കാരെ പ്രതീക്ഷയിൽ നിർത്തുന്ന പി.എസ്.സി പരീക്ഷയിലെ അപ്രായോഗിക കാര്യങ്ങൾ തിരുത്തണം. ലിസ്റ്റുകളുടെ നീളം കുറക്കുകയും റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് പരമാവധി തൊഴിൽ ഉറപ്പാക്കുകയും വേണം. 20% പേർക്ക് മാത്രമെ നിയമനം നൽകാൻ സാധിക്കുകയുള്ളൂ എന്നറിഞ്ഞിട്ടും ബാക്കിയുള്ള എൺപത് ശതമാനം ആളുകൾക്ക് എന്തിന്



പ്രതീക്ഷ നൽകണം? പരീക്ഷ നടത്തിപ്പിനും മറ്റും നഷ്ടമാവുന്ന കോടികൾ വേറെയും. ഇത്തരം അപ്രായോഗിക രീതികൾ മാറിയേ മതിയാവൂ. സുതാര്യതയും പ്രായോഗികതയും തൊഴിൽരംഗത്ത് ഉണ്ടാവണം. സർക്കാർ ജോലി ചെയ്യുന്നവർക്ക് കൃത്യമായ ഓഡിറ്റിംഗ് ഉണ്ടാക്കുകയും അവരുടെ ജോലികൾ ഫലപ്രദമായി ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം. കെ.എസ്.ആർ.ടി.സിയിൽ പിടിക്കപ്പെട്ടതുപോലെ സർക്കാർ ജോലിയിൽ പകരം ആളെ നിയമിച്ച് പുറത്ത് ജോലി ചെയ്യുന്ന കള്ളനാണയങ്ങൾ നമ്മുടെ നാട്ടിന് അപമാനമാണ്. അത്തരം സാഹചര്യങ്ങൾ ഇല്ലാതാവണം. പാവങ്ങൾക്ക് മിനിമം വേതനം ഉറപ്പുനൽകുന്ന തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കുകയോ മിനിമം വേതനം ഉറപ്പുവരുത്തുന്ന പദ്ധതികൾ തൊഴിൽ രംഗത്ത് ഉണ്ടാക്കുകയോ ചെയ്യേണ്ടതുണ്ട്. തൊഴിൽ മേഖലയെ കൂടുതൽ ക്രിയാത്മകമാക്കാൻ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ഉണ്ടാവണം. ഓരോരുത്തരുടെയും കഴിവുകൾ പരിപോഷിപ്പിക്കാനും അവയ്ക്ക് സർട്ടിഫിക്കറ്റുകൾ നൽകാനും സംവിധാനമുണ്ടാകണം; അത് തൊഴിലിടങ്ങളിൽ പരിഗണിക്കുകയും വേണം.

### വിനോദ സഞ്ചാരം

ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് കേരളത്തെ വിശേഷിപ്പിക്കാറുള്ളത്. പ്രകൃതി രമണീയമായ കേരളം നമ്മുടെ വരുമാനമാർഗം കൂടിയാണ്. ടൂറിസം രംഗത്ത് വലിയ സാധ്യതകൾ കേരളത്തിനുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലും പാർക്കുകളും വിനോദസഞ്ചാര ഇടങ്ങളും കണ്ടെത്താൻ സാധിക്കും. കിഴക്ക് മനോഹരമായ മലകളും പടിഞ്ഞാറ് കടലും കായലും പുഴയും വെള്ളച്ചാട്ടങ്ങളും... ഈ പ്രകൃതിയുടെ മനോഹാരിതയെ ചൂഷണം ചെയ്യാതെ തന്നെ നമുക്ക് ഉപയോഗപ്പെടുത്താം. ടൂറിസം എന്നത് മദ്യവും മയക്കുമരുന്നും ഒക്കെയാണെന്ന തെറ്റിദ്ധാരണ പൊതുവെ ഉണ്ട്. തിരക്കുപിടിച്ച ജീവിതയാത്രയിൽ മനസ്സിന് കുളിർതേടിയാണ് ഏതൊരാളും വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് പോകുന്നത്. ആനന്ദത്തിനും ഉല്ലാസത്തിനും മനസ്സ് ശാന്തമാവാനുമാണ്. മാനസികനില തകർക്കുന്ന മദ്യവും മയക്കുമരുന്നും ഒന്നുമല്ല വേണ്ടത്. കുടുംബത്തോടൊപ്പം ആഴ്ചയിൽ ഒരു ദിവസമോ വൈകുന്നേരങ്ങളിലോ ഒക്കെ ചെലവഴിക്കാൻ പറ്റിയ പാർക്കുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളുമാണ് ആവശ്യം. മദ്യവും മയക്കുമരുന്നും തീർത്ത ഉന്മാദത്തിൽ സാമൂഹിക ദ്രോഹികൾ കാണിക്കുന്ന തോന്നിവാസങ്ങളുടെ ഇടങ്ങളായി വിനോദസഞ്ചാര കേന്ദ്രങ്ങൾ മാറുന്നത് കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ പ്രതികൂല മായി ബാധിക്കുന്നു എന്നത് അധികാരികൾ തിരിച്ചറിയാതെ പോകരുത്. അത്യാധുനിക സൗകര്യങ്ങൾ ഉള്ള ഫ്ളാറ്റുകളിലും വീടുകളിലും താമസിക്കുന്നവർ പ്രകൃതിയുടെ തനത് സൗന്ദര്യവും മനോഹാരിതയുമാണ് വിനോദകേന്ദ്രങ്ങളിൽ ആഗ്രഹിക്കുന്നത്. അനാവശ്യ നിർമിതികളല്ല, പ്രകൃതി സൗഹൃദ ടൂറിസമാണ് കേരളത്തിന് അനുയോജ്യം. ആരോഗ്യ രംഗത്ത് ആയുർവേദം അടക്കമുള്ള കേരളത്തിന്റെ സവിശേഷത ഉപയോഗപ്പെടുത്താൻ സാധിച്ചാൽ നമുക്ക് വലിയ സാധ്യതകൾ തുറന്നുകിട്ടും. സവിശേഷമായ കാലാവസ്ഥയും പ്രകൃതി രമണീയതയും വിദേശികളെ പോലും കേരളത്തിലേക്ക് ആകർഷിക്കുന്ന ഘടകങ്ങളാണ്. ഇതൊക്കെ നമ്മുടെ സമ്പദ്ഘടനയെ പോസിറ്റീവിലേക്ക് എത്തിക്കും. വിനോദ കേന്ദ്രങ്ങളിൽ സമാധാനപരമായും സുരക്ഷിതമായും സമയം ചെലവഴിക്കാനുള്ള സാഹചര്യം ഒരുക്കാൻ സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന സുരക്ഷാ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി ലഭ്യമാക്കണം.

### വേണം വ്യക്തികൾക്കും ചില പെരുമാറ്റച്ചട്ടങ്ങൾ

തെരഞ്ഞെടുപ്പ് ഒരു യുദ്ധഭൂമിയാണ്, ജയം മാത്രമാണ് എല്ലാവരുടെയും ലക്ഷ്യം. ശത്രുവിനെ ഇല്ലാതാക്കാൻ എന്തും ചെയ്യാൻ യോദ്ധാക്കൾ മടിക്കാറില്ല. തെരഞ്ഞെടുപ്പ് രംഗങ്ങളിൽ കാണുന്ന അനാരോഗ്യ പ്രവണതകൾ സംസ്കാര സമ്പന്നരായ മലയാളികൾക്ക് അപമാനമാണ്. ലക്ഷ്യം നന്നായാൽ മതി മാർഗം പ്രശ്നമല്ലെന്നത് അവിവേകമാണ്. വിവേകികൾക്ക് ലക്ഷ്യവും മാർഗവും പ്രധാനമാണ്. ആരോപണ പ്രത്യാരോപണങ്ങളും വിവാദങ്ങളും ജയിക്കാനുള്ള മാർഗമായി കാണരുത്. ചതിപ്രയോഗവും വർഗീയ ചേരിതിരിവും എല്ലാം താൽക്കാലിക ലാഭം കൊയ്യാനുള്ള മാർഗമായി കാണുന്നവരുണ്ടാവാം. എന്നാൽ അത് വലിയ നാശത്തിന് മാത്രമെ കാരണമാവൂ. നീതിയുക്തവും ആരോഗ്യകരവുമായ തെരഞ്ഞെടുപ്പാണ് ഉണ്ടാവേണ്ടത്. വികസനവും പ്രത്യയശാസ്ത്രങ്ങളുമാണ് തെരഞ്ഞെടുപ്പ് വേദികളിൽ ചർച്ചയാകേണ്ടത്. അനാരോഗ്യ പ്രവണതകൾ ഇല്ലാത്ത തെരഞ്ഞെടുപ്പ് കാലം യാഥാർഥ്യമാക്കാനുള്ള വിവേകം രാഷ്ട്രീയ നേതൃത്വങ്ങൾ കാണിക്കേണ്ടതുണ്ട്.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com





# മഹല്ലുകളുടെ ദൗത്യം

മലപ്പുറം ജില്ലയിലെ പന്താരങ്ങാടി പ്രദേശത്തെ ഒരു മഹല്ലിന്റെ മേൽനോട്ടത്തിൽ 18 വീടുകൾ നിർമിച്ച് ഭവനരഹിതരായ പാവങ്ങൾക്ക് നൽകി എന്ന വാർത്ത ഏതൊരു സാമൂഹികകൂട്ടായ്മക്കും ഏറെ പ്രചോദനവും പ്രതീക്ഷയും നൽകുന്നതാണ്. മുസ്‌ലിം സമൂഹത്തിൽ മാത്രമുള്ള ഒരു സംവിധാനമാണ് മഹല്ലുകൾ. ഇച്ഛാശക്തിയോടും തിരിച്ചറിവോടുംകൂടി ഒരു മഹല്ലുകൂട്ടായ്മ സമൂഹത്തിലിടപെട്ടാൽ നാട്ടിലെ ഒട്ടധികം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നത് അനുഭവ യാഥാർഥ്യമാണ്. പ്രത്യേകിച്ചും മതപരവും ആശയപരവുമായ വൈവിധ്യങ്ങൾ അവയുടെ സ്വാഭാവിക പരിധിവിട്ട് കലഹത്തിലേക്ക് നീങ്ങുന്ന ഇക്കാലത്ത് ഈ കൂട്ടായ്മക്ക് പലതും ചെയ്യാനുണ്ട്.

ഇക്കഴിഞ്ഞ ഫെബ്രുവരി 14ന് രാത്രി 8.30ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ 'മാറുന്ന ലോകം; മഹല്ലുകളുടെ ദൗത്യം' എന്ന പ്രമേയത്തിൽനടന്ന വെബിനാർ മുസ്‌ലിം മഹല്ലുകളുടെ അനന്തസാധ്യതകളിലേക്ക് വെളിച്ചം

വീശുന്നതായിരുന്നു. ആശയപരമായ വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ക്രിയാത്മകമായ ഒരു പൊതുകൂട്ടായ്മയുടെ മനസ്സുതുറന്ന ആശയവിനിമയം ആ വെബിനാറിൽ ഏറെ പ്രകടമായി. അല്ലാഹുവിന് സ്തുതി.

മദീനയിലെ നബിﷺയുടെ ജീവിതകാലം മുതൽ മഹല്ല് കൂട്ടായ്മയുടെ തുടക്കം കാണാം. ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിൽ നബിﷺ ജനങ്ങളുടെ മതവിഷയങ്ങൾ നിയന്ത്രിച്ചു. ജനങ്ങൾക്കിടയിലെ തർക്കപരിഹാരം, ദാരിദ്ര്യനിർമാർജനം, നിർഭയജീവിതം തുടങ്ങിയ സമൂഹത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾക്ക് നബിﷺയും അനുയായികളും കൂടി പരിഹാരം കണ്ടു. സമൂഹത്തിലെ തിന്മകൾക്കെതിരിൽ ഗുണകാംക്ഷയോടെയും നീതിപൂർവകമായും നബിﷺ ഇടപെട്ടു. മസ്ജിദുന്നബവി എന്ന ആസ്ഥാനത്തിന്റെ കീഴിൽ എല്ലാമതസ്ഥർക്കും നീതിലഭിച്ചു. മദീനയിലെ പ്രബല മതവിഭാഗമായ ജൂതന്മാരും മുസ്‌ലിംകളുമായി തർക്കമുണ്ടായപ്പോൾ പല കേസുകളിലും നബിﷺ മുസ്‌ലിംകൾക്കെതിരിൽ ജൂതന് അനുകൂലമായി വിധിപറഞ്ഞ സംഭവങ്ങൾ കാണാം.

"നിനക്ക് അല്ലാഹു കാണിച്ചുതന്നതനുസരിച്ച് ജനങ്ങൾക്കിടയിൽ നീ വിധികൽപിക്കുവാൻവേണ്ടിയാണ് സത്യപ്രകാരം നാം നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചുതന്നിട്ടുള്ളത്. നീ വഞ്ചകൻമാർക്ക് വേണ്ടിവാദിക്കുന്നവനാകരുത്..." (ക്വുർആൻ 4:105).

മദീനാ പള്ളി കേന്ദ്രീകരിച്ച് നബിﷺ നയിച്ച ഒരു ബഹുമത സമൂഹത്തിൽ നബിയുടെ ഭരണപരമായ നീതിയുടെ ഉദാത്തമായ ഉദാഹരണമാണ് ഈ സംഭവത്തിൽ പ്രകടമാവുന്നത്.

സൂറതുന്നിസാഇലെ മേൽകൊടുത്ത സൂക്തങ്ങളുടെ വ്യാഖ്യാനത്തിൽ പല ക്വുർആൻ വ്യാഖ്യാതാക്കളും ഉദ്ധരിച്ച ഒരു സംഭവത്തിന്റെ സംഗ്രഹം ഇതാണ്: മുസ്‌ലിംകളിലെ ഒരു വ്യക്തി മറ്റൊരു മുസ്‌ലിമിന്റെ പടയങ്കി മോഷ്ടിച്ചു. പ്രശ്നം നബിﷺയുടെ അടുത്തെത്തിയിട്ടുണ്ടെന്നും പിടികൂടാൻ സാധ്യതയുണ്ടെന്നും മനസ്സിലാക്കിയ മോഷ്ടാവ് മാനഹാനിഭയന്ന് തൊണ്ടിമുതൽ നിരപരാധിയായ ഒരു ജൂതന്റെ വീട്ടിൽ കൊണ്ടുപോയിവെച്ചു. അന്വേഷണത്തിനൊടുവിൽ തൊണ്ടിമുതൽ ജൂതനിൽനിന്ന് കണ്ടെടുക്കുകവഴി അയാൾ മോഷ്ടാവാണെന്ന് വിധിപറയാനായിരുന്നു സാധ്യത. എന്നാൽ ജൂതൻ നിരപരാധിയാണെന്നും സ്വസമുദായക്കാരൻ തന്നെയാണ് മോഷ്ടാവെന്നും ദിവ്യബോധനം ലഭിച്ചതിനടിസ്ഥാനത്തിൽ നബിﷺ വിധിപറഞ്ഞു.

ഈ സംഭവത്തിന്റെ പ്രാമാണികത നിരൂപണ വിധേയമായിട്ടുണ്ടെങ്കിലും മേൽപറഞ്ഞ ക്വുർആൻ വചനങ്ങൾ വിധികർത്താക്കളോട് മുഖം നോക്കാതെ നീതിനടപ്പാക്കണമെന്ന് കൽപിക്കുന്നുണ്ട്.



എല്ലാ മതവിഭാഗങ്ങളും മതമില്ലാത്തവരും ഒരു മതത്തിലെതന്നെ വ്യത്യസ്ത വീക്ഷണഗതിക്കാരും ഇടകലർന്നു ജീവിക്കുന്ന മഹല്ലുകളാണ് അധികവുമുള്ളത്. ഈ മഹല്ലുനിവാസികൾ അവരവരുടെ മോക്ഷത്തിനും ആത്മസാക്ഷാത്കാരത്തിനും ആവശ്യമെന്ന് വിശ്വസിക്കുന്ന കാര്യങ്ങൾ വേറിട്ടുചെയ്യുമെങ്കിലും ഇവരെല്ലാം ജീവിക്കുന്നത് ഒരേ തട്ടകത്തിലാണ്. സ്വന്തം വീടിന്നുവെളിയിൽ എല്ലാവരുടെയും പ്രശ്നങ്ങളും പരിഹാരങ്ങളും ഒന്നാണ്.


പ്രദേശത്ത് വളരുന്ന മാഫിയകളെ തടയുക, കുടുംബ പ്രശ്നങ്ങൾക്ക് ഒത്തുതീർപ്പിലൂടെയും ദാരിദ്ര്യ പ്രശ്നങ്ങൾക്ക് സഹായം നൽകുന്നതിലൂടെയും വർഗീയ, വംശീയ ധ്രുവീകരണങ്ങളിൽ സൗഹൃദ ഇടപെടലിലുടെയും കൂട്ടായ യത്നങ്ങൾക്ക് നേതൃത്വം നൽകാൻ മഹല്ലുകൾക്ക് നല്ല ഇടമുള്ള സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. രാഷ്ട്രീയ ദുഷ്ടലാക്കുകളോടെ വർഗീയതയും വർഗീയചിന്തയിലൂടെ രാഷ്ട്രീയ നേട്ടങ്ങളും ലക്ഷ്യമാക്കുന്ന സാമൂഹ്യദ്രോഹികൾ നാട്ടുമ്പുറങ്ങളിലെ നിഷ്കളങ്കരായ മനുഷ്യരെ ചേരിതിരിക്കാനുള്ള ശ്രമങ്ങൾ ശക്തമായിത്തന്നെ നടത്തുന്നുണ്ട് എന്നത് മറക്കരുത്. ഇത്തരം പ്രവണതകൾക്ക് ഒരു പരിധിവരെ തടയിടാനും മഹല്ല് കൂട്ടായ്മകൾക്ക് സാധിക്കും.

മനുഷ്യരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ മഹല്ലുകൾ തയ്യാറായാൽ മഹല്ലുകളെ ശാക്തീകരിക്കാൻ സമൂഹവും തയ്യാറാകുമെന്നതിന് ഉദാഹരണമായി ധാരാളം മാതൃകാമഹല്ലുകർ ഇന്ന് നട്ടിലുണ്ട്. അതിലൊന്നാണ് ഈ കുറിപ്പിന്റെ തുടക്കത്തിൽ സൂചിപ്പിച്ചത്.

"...പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്..." (ക്വുർആൻ 5:2).

ശബീബ് സ്വലാഹി തിരൂരങ്ങാടി
ktmstgi@gmail.com

ലേഖനം



# പേരമക്കളുടെ അനന്തരാവകാശം



ഇസ്‌ലാമിക അനന്തരാവകാശനിയമവുമായി ബന്ധപ്പെട്ട് വിമർശകർ ഉന്നയിക്കാറുള്ള മറ്റൊരു ആരോപണമാണ് പേരമക്കൾക്ക് അനന്തരാവകാശം നൽകുന്നില്ല എന്നത്. പിതാവോ മാതാവോ ജീവിച്ചിരിക്കെ അവരുടെ മക്കളിൽനിന്നും ആരെങ്കിലും മരിച്ചാൽ മരണപ്പെട്ട വ്യക്തിയുടെ മക്കൾക്ക് പരേതന്റെ ജീവിച്ചിരിക്കുന്ന മാതാപിതാക്കളുടെ സ്വത്തിൽനിന്നും യാതൊരു അവകാശവും ലഭിക്കുന്നില്ല, അവരെ ഇസ്‌ലാം വഴിയാധാരമാക്കുകയാണ് ചെയ്യുന്നത്, ഇത് അനീതിയാണ്, മാനുഷികമൂല്യങ്ങൾക്ക് എതിരാണ് മുതലായ കുപ്രചാരണങ്ങൾ കാലങ്ങളായി സമൂഹത്തിൽ ചിലർ നടത്തിക്കൊണ്ടിരിക്കുന്നു. വിഷയത്തെ മൗലികമായി സമീപിക്കുന്ന ഏതൊരാൾക്കും വിമർശകർ ഉന്നയിക്കുന്നത് പൊള്ളവാദമാണന്ന് മനസ്സിലാക്കാൻ സാധിക്കും.

ഇസ്‌ലാമിക അനന്തരാവകാശനിയമത്തിൽ പേരമക്കൾ പരേതന്റെ മാതാപിതാക്കളുടെ സ്വത്തിൽ നിന്നും നേരിട്ട് അനന്തരമെടുക്കുന്ന സാഹചര്യങ്ങളും നേരിട്ട് അനന്തരമെടുക്കാത്ത സാഹചര്യങ്ങളും ഉണ്ട് എന്ന് നാം ആദ്യം അറിയണം. നേരിട്ട് അനന്തരം ലഭിക്കാത്ത അവസരങ്ങളിൽ അവർക്ക് സ്വത്ത് ലഭിക്കാനാവശ്യമായ വഴിയും ഇസ്‌ലാം കൃത്യമായി നിർദേശിക്കുന്നുണ്ട്. സ്വത്ത് ലഭിക്കാതെ പേരമക്കൾ വഴിയാധാരമാകുന്ന അവസ്ഥക്ക് ഇസ്‌ലാം വഴിയൊരുക്കിയിട്ടില്ല; അത്തരം വഴികളെല്ലാം അടക്കുകകൂടി ചെയ്തിട്ടുണ്ട് എന്നതാണ് വസ്തുത.

## പേരമക്കൾക്കുള്ള അവകാശങ്ങൾ

ഇസ്‌ലാമിക അനന്തരാവകാശ നിയമപ്രകാരം പേരമക്കൾ അഹ്‌ലുൽഫുറൂദ് (നിശ്ചിതോഹരിക്കാർ) ആയും നിശ്ചിതോഹരിയുടെ കൂടെ മടക്ക സ്വത്തിന്റെ (റദ്ദ്) അവകാശികളായും അസ്വബക്കാർ (ശിഷ്ടമോഹരിക്കാർ) ആയും ദവിൽഅർഹാം (കുടുംബബന്ധമുള്ളവർ) ആയും അനന്തരമെടുക്കുന്ന സാഹചര്യങ്ങൾ ഉണ്ട്. അവയോരോന്നും സോദാഹരണം മനസ്സിലാക്കാൻ ശ്രമിക്കാം.

പേരമക്കൾ അഹ്‌ലുൽഫുറൂദ് (നിശ്ചിതോഹരിക്കാർ) ആയി അനന്തരമെടുക്കുന്ന അവസ്ഥകൾ:

ഈ വിഭാഗത്തിൽ പരേതന്റെ ആൺമക്കളുടെ പെൺമക്കളാണ് ഉൾപ്പെടുന്നത്. മകന്റെ മകൾ, മകന്റെ മകന്റെ മകൾ എന്നിങ്ങനെ പെൺകുട്ടികളുടെ പിതാക്കളുടെ തലമുറ ആൺമക്കളിലൂടെ എത്ര താഴേക്ക് പോയാലും ആ പെൺമക്കൾ താഴെ പറയുന്ന അവസ്ഥകളിൽ നിശ്ചിതോഹരിക്കാരായി സ്വത്ത് അനന്തരമെടുക്കും:

## മരിച്ചയാളുടെ സ്വത്തിന്റെ പകുതി ലഭിക്കുന്ന അവസ്ഥ:

പരേതന്റെ അനന്തരാവകാശിയായി മക്കളുടെ വിഭാഗത്തിൽ മകന്റെ ഒരു മകൾ മാത്രമാണ് അവകാശിയായിട്ടുള്ളത് എങ്കിൽ പരേതന്റെ സ്വത്തിൽ നിന്നും പകുതി മകന്റെ മകളുടെ അവകാശമാണ്. അത്തരത്തിൽ അനന്തരമെടുക്കുന്ന ധാരാളം സന്ദർഭങ്ങൾ മകന്റെ മകൾക്ക് ഉണ്ട്. അവയിൽ ചിലത് നമുക്ക് ഉദാഹരണങ്ങളിലൂടെ മനസ്സിലാക്കാം:

1) ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനന്തരാവകാശികളായുള്ളത് മാതാവും പിതാവും മകന്റെ ഒരു മകളുമാണ് എന്ന് കരുതുക. പരേതന്റെ സ്വത്തിനെ ആറായി വിഭജിച്ച് അതിൽ ഒരോഹരി മാതാവിനും ഒരോഹരി പിതാവിനും മൂന്നോഹരി മകന്റെ മകൾക്കും നിശ്ചിതോഹരിക്കാർ എന്ന നിലയിൽ നൽകി ബാക്കിവന്ന ഒരു ഓഹരി ശിഷ്ടമോഹരിക്കാരൻ എന്ന നിലയിൽ പിതാവിനു തന്നെ നൽകുകയും ചെയ്യും.

| അവകാശികൾ | അവകാശം | ഓഹരി 6 |
|---|---|---|
| മകന്റെ മകൾ | ½ | 3 |
| മാതാവ് | ⅙ | 1 |
| പിതാവ് | ⅙ + ബാക്കി | 1 + 1 |

2) ഒരു സ്ത്രീ മരണമടഞ്ഞു. അവർക്ക് അവകാശികളായുള്ളത് ഭർത്താവ്, മകന്റെ മകൾ, സഹോദരി എന്നിവരാണ്. എങ്കിൽ പരേതന്റെ സ്വത്തിനെ നാലായി വിഭജിച്ച് ഒരോഹരി ഭർത്താവിനും രണ്ടോഹരി മകന്റെ മകൾക്കും നിശ്ചിതോഹരിയായി നൽകി ബാക്കിവന്ന ഒരു ഓഹരി ശിഷ്ടമോഹരിക്കാരി എന്ന നിലയിൽ സഹോദരനും നൽകപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 4 |
|---|---|---|
| മകന്റെ മകൾ | ½ | 2 |
| ഭർത്താവ് | ¼ | 1 |
| സഹോദരൻ | ബാക്കി | 1 |

ഇത്തരത്തിൽ ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കും. തൽക്കാലം രണ്ട് ഉദാഹരണങ്ങളിൽ പരിമിതപ്പെടുത്തുന്നു.

## പരേതന്റെ സ്വത്തിന്റെ മൂന്നിൽരണ്ട് ലഭിക്കുന്ന അവസ്ഥ:

പരേതന്റെ അനന്തരാവകാശിയായി മക്കളുടെ വിഭാഗത്തിൽ മകന്റെ രണ്ടോ അതിലധികമോ പെൺമക്കൾ മാത്രമാണ് അവകാശികളായിട്ടുള്ളത് എങ്കിൽ പരേതന്റെ സ്വത്തിൽനിന്നും മൂന്നിൽ രണ്ടിന് അവകാശികളാണ് അവർ. ഉദാഹരണങ്ങൾ കാണുക:

1) പരേതന് അനന്തരാവകാശികളായി ജീവിച്ചിരിക്കുന്നത് മാതാവും പിതാവും മകന്റെ രണ്ട് പെൺമക്കളുമാണെങ്കിൽ സ്വത്ത് ആറായി ഭാഗിച്ച് ഒരു ഓഹരി മാതാവിനും ഒരു ഓഹരി പിതാവിനും നാല് ഓഹരി മകന്റെ രണ്ടു പെൺമക്കൾക്കും നൽകപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 6 |
|---|---|---|
| മകന്റെ മകൾ - 2 | ⅔ | 4 |
| മാതാവ് | ⅙ | 1 |
| പിതാവ് | ⅙ | 1 |

2) ഒരു സ്ത്രീ മരണപ്പെട്ടു. പരേതക്ക് അനന്തരാവകാശികളായി ജീവിച്ചിരിക്കുന്നത് ഭർത്താവും മകന്റെ രണ്ട് പെൺമക്കളും ഒരു സഹോദരിയുമാണ്. എങ്കിൽ പരേതയുടെ അനന്തരസ്വത്തിനെ പന്ത്രണ്ട് ഓഹരിയാക്കി അതിൽ മൂന്ന് ഓഹരി ഭർ

ത്താവിനും എട്ട് ഓഹരി മകന്റെ രണ്ടു പെൺമക്കൾക്കും നിശ്ചിതോഹരിയായും ബാക്കി ഒരു ഓഹരി ശിഷ്ടമോഹരിയായി സഹോദരിക്കും നൽകപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 12 |
|---|---|---|
| മകന്റെ മകൾ - 2 | $\frac{2}{3}$ | 8 |
| ഭർത്താവ് | $\frac{1}{4}$ | 3 |
| സഹോദരൻ | ബാക്കി | 1 |

മുമ്പ് സൂചിപ്പിച്ചതുപോലെ മുകളിൽ കൊടുത്ത രണ്ട് അവസ്ഥകളിൽ പരിമിതപ്പെടുന്നതല്ല മകന്റെ പെൺമക്കൾക്ക് പരേതന്റെ സ്വത്തിൽനിന്നും മൂന്നിൽരണ്ട് ഓഹരി ലഭിക്കുന്ന അവസ്ഥ. ഉദാഹരണത്തിനായി രണ്ട് അവസ്ഥകൾ മാത്രം നൽകി എന്നു മാത്രം.

### മയ്യിത്തിന്റെ സ്വത്തിന്റെ ആറിലൊന്ന് ലഭിക്കുന്ന അവസ്ഥ:

പരേതന്റെ മക്കളുടെ ഗണത്തിൽനിന്നും പകുതിസ്വത്തിന് അവകാശിയായ മകളോടൊപ്പം മകന്റെ പെൺമക്കൾ സ്വത്തിന്റെ ആറിലൊന്നിന് അവകാശികളാണ്. സ്ത്രീകളുടെ നിശ്ചിതോഹരിയായ മൂന്നിൽരണ്ട് അവകാശം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായാണ് ഈ ഓഹരി നൽകപ്പെടുന്നത്. അവ രണ്ട് ഉദാഹരണങ്ങളിലൂടെ നമുക്ക് എളുപ്പം മനസ്സിലാക്കാം.

1) പരേതന് അനന്തരാവകാശികളായി ജീവിച്ചിരിക്കുന്നത് പിതാവും മാതാവും ഒരു മകളും മകന്റെ പെൺമക്കളുമാണെന്ന് കരുതുക. അത്തരം സന്ദർഭങ്ങളിൽ സ്വത്തിനെ ആറായി വിഭജിച്ച് ഒരു ഓഹരി പിതാവിനും ഒരു ഓഹരി മാതാവിനും മൂന്ന് ഓഹരി മകൾക്കും ഒരു ഓഹരി മകന്റെ പെൺമക്കൾക്കും വിഹിതംവെച്ച് നൽകുന്നതാണ്.

| അവകാശികൾ | അവകാശം | ഓഹരി 6 |
|---|---|---|
| മാതാവ് | $\frac{1}{6}$ | 1 |
| പിതാവ് | $\frac{1}{6}$ | 1 |
| മകൾ | $\frac{1}{2}$ | 3 |
| മകന്റെ മകൾ | $\frac{1}{6}$ | 1 |

2) പരേതക്ക് അനന്തരാവകാശികളായി ജീവിച്ചിരിക്കുന്നത് ഭർത്താവും പിതാവിന്റെ സഹോദരനും ഒരു മകളും മകന്റെ പെൺമക്കളുമാണെന്ന് കരുതുക. അത്തരം സന്ദർഭങ്ങളിൽ സ്വത്തിനെ പന്ത്രണ്ട് ഓഹരിയായി വിഭജിക്കുന്നു. അതിൽ ഭർത്താവിന് മൂന്ന് ഓഹരിയും മകൾക്ക് ആറ് ഓഹരിയും മകന്റെ പെൺമക്കൾക്ക് രണ്ട് ഓഹരിയും നിശ്ചിതോഹരിക്കാർ എന്ന നിലയിലും ബാക്കി ഒരു ഓഹരി പിതൃവ്യന് ശിഷ്ടമോഹരിക്കാരൻ എന്ന നിലക്കുമാണ് വിഹിതം നൽകുക.

| അവകാശികൾ | അവകാശം | ഓഹരി 12 |
|---|---|---|
| ഭർത്താവ് | $\frac{1}{4}$ | 3 |
| മകൾ | $\frac{1}{2}$ | 6 |
| മകന്റെ മകൾ - 2 | $\frac{1}{6}$ | 2 |
| പിതൃവ്യൻ | ബാക്കി | 1 |

ചുരുക്കത്തിൽ പരേതന്റെ മകന്റെ പെൺമക്കളും അവരുടെ സ്ഥാനത്ത് വരുന്നവരും പരേതന്റെ സ്വത്തിൽനിന്നും മൂന്നിൽരണ്ട്, പകുതി, ആറിൽ ഒന്ന് എന്നീമൂന്നു രൂപങ്ങളിൽ നിശ്ചിതോഹരിക്കാരായി അനന്തരമെടുക്കുന്നതാണ്.

### മകന്റെ പെൺമകൾ നിശ്ചിതോഹരിയുടെകൂടെ മടക്കസ്വത്തിന്റെ (റദ്ദ്) അവകാശികളായി അനന്തരമെടുക്കുന്ന അവസ്ഥകൾ:

പരേതന്റെ മകന്റെ പെൺമക്കളും അവരുടെ സ്ഥാനത്ത് വരുന്നവരും പരേതന്റെ സ്വത്തിൽനിന്നും മൂന്നിൽരണ്ട്, പകുതി, ആറിൽഒന്ന് എന്നീമൂന്നു രൂപങ്ങളിൽ നിശ്ചിതോഹരിക്കാരായി അനന്ത



രമെടുക്കുന്നതാണന്ന് നാം മനസ്സിലാക്കി. മേൽവിവരിച്ച അവസ്ഥകളോടൊപ്പം പരേതന്റെ അനന്തരാവകാശികളിൽ നിശ്ചിതോഹരിക്കാരോ ശിഷ്ടമോഹരിക്കാരോ ആയി മറ്റു അവകാശികൾ ഇല്ലെങ്കിൽ ആൺമക്കളുടെ പെൺമക്കളും അവരുടെ സ്ഥാനത്ത് വരുന്നവരും അവരുടെ നിശ്ചിതോഹരിക്ക് പുറമെ മരിച്ചയാളുടെ ബാക്കി വരുന്ന സ്വത്തുമുഴുവൻ മടക്കസ്വത്ത് (റദ്ദ്) ആയി അനന്തരമെടുക്കുന്നതാണ്.

അവ ചില ഉദാഹരണങ്ങളിലൂടെ പരിചയപ്പെടാം:

1) ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനന്തരാവകാശികളായുള്ളത് ആൺമക്കളുടെ പെൺമക്കൾ മാത്രമാണെന്ന് കരുതുക. എങ്കിൽ പരേതന്റെ അനന്തരസ്വത്തിനെ മൂന്നായി ഭാഗിച്ച് അതിൽ രണ്ട് ഓഹരി നിശ്ചിതോഹരിയായും ബാക്കിവന്ന ഒരു ഓഹരി മടക്കസ്വത്തായും അവർക്കിടയിൽ തുല്യമായി വിഹിതം വെച്ച് നൽകുകയാണ് ചെയ്യുക.

| അവകാശികൾ | അവകാശം | ഓഹരി 3 |
|---|---|---|
| മകന്റെ പെൺമക്കൾ | ⅔ + ബാക്കി | 2 + 1 |

2) പരേതന് അനന്തരാവകാശിയായി മകന്റെ ഒരു മകൾ മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ സ്വത്തിനെ രണ്ടായി ഭാഗിച്ച് ഒരു ഭാഗം നിശ്ചിതോഹരിയായും ബാക്കിയുള്ള ഒരു ഓഹരി മടക്കസ്വത്തായും അവൾക്ക് നൽകപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 2 |
|---|---|---|
| മകന്റെ മകൾ | ½ + ബാക്കി | 1 + 1 |

3) ഒരാൾ മരണപ്പെടുമ്പോൾ അദ്ദേഹത്തിന് ജീവിച്ചിരിപ്പുള്ളത് ഒരു മകളും മകന്റെ മകളും മാത്രമാണെങ്കിൽ പരേതന്റെ സ്വത്തിനെ ആറ് ഓഹരിയാക്കി അതിൽ മുന്ന് ഓഹരി മകൾക്കും ഒരു ഓഹരി മകന്റെ മകൾക്കും നിശ്ചിതോഹരിയായി കണക്കാക്കപ്പെടും. ആറിൽ നാല്ഓഹരി കഴിഞ്ഞ് ബാക്കി രണ്ടോഹരി അവശേഷിക്കുന്ന സാഹചര്യത്തിൽ സ്വത്തിനെ മൊത്തം നാലോഹരിയാക്കി അതിൽ മൂന്ന് ഓഹരി മകൾക്കും ഒരു ഓഹരി മകന്റെ മകൾക്കും നൽകപ്പെടും. ഓരോ അവകാശിക്കും അവർക്കുള്ള നിശ്ചിതോഹരിയുടെ തോതനുസരിച്ച് മടക്കസ്വത്തിൽനിന്നും അവകാശവും ലഭിക്കും.

| അവകാശികൾ | അവകാശം | ഓഹരി 6 | റദ്ദ് 4 |
|---|---|---|---|
| മകൾ | ½ | 3 | 3 |
| മകന്റെ മകൾ | ⅙ | 1 | 1 |

നോക്കൂ, കൃത്യവും നീതിപൂർവവുമായ നിപാടുകളാണ് ഇസ്‌ലാം ഏത് വിഷയത്തിലും കൈകൊണ്ടിട്ടുള്ളത്. അനന്തരാവകാശ വിഷയത്തിൽ കൃത്യമായ ഒരു കാഴ്ച്ചപ്പാടുമില്ലാത്ത, വിമർശനം ജീവിതവ്രതമാക്കിയ ആളുകളാണ് അന്യൂനവും സമ്പൂർണവുമായ ഇസ്‌ലാമിക അനന്തരാവകാശ നിയമത്തെ ചോദ്യംചെയ്യാൻ മുന്നോട്ടുവരുന്നത്. അതുമുഖേന അവർ സ്വയം അപഹാസ്യരാവുകയല്ലാതെ മറ്റൊന്നും സംഭവിക്കുന്നില്ല എന്നാണ് വിഷയത്തെ വസ്തുനിഷ്ഠമായി കൈകാര്യം ചെയ്യുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കുക.

## പേരമക്കൾ അസ്വബക്കാർ (ശിഷ്ടമോഹരിക്കാർ) ആയി അനന്തരമെടുക്കുന്ന അവസ്ഥകൾ:

ഈ വിഭാഗത്തിൽ പരേതന്റെ ആൺമക്കളുടെ ആൺമക്കളും പെൺമക്കളും അവരുടെ സ്ഥാനത്തുള്ളവരുമാണ് ഉൾപ്പെടുന്നത്. മകന്റെ മക്കൾ, മകന്റെ മകന്റെ മക്കൾ എന്നിങ്ങനെ പേരമക്കളുടെ പിതാക്കളുടെ തലമുറ ആൺമക്കളിലൂടെ എത്ര താഴേക്ക് പോയാലും ആ പേരമക്കൾ താഴെ പറയുന്ന അവസ്ഥകളിൽ ശിഷ്ടമോഹരിക്കാരായി സ്വത്ത് അനന്തരമെടുക്കും.

മകന്റെ മക്കളും അവരുടെസ്ഥാനത്ത് വരുന്നവരും ശിഷ്ടമോഹരിക്കാരായി പരേതന്റെ സ്വത്ത് പൂർണമായും അനന്തരമെടുക്കുന്ന അവസ്ഥകൾ:

1) പരേതന് അനന്തരാവകാശിയായി മകന്റെ ഒരു മകൻ മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ ശിഷ്ടമോഹരിക്കാരൻ എന്ന നിലയിൽ പരേതന്റെ മുഴുവൻ സ്വത്തിനും അവൻ അവകാശിയാണ്.

| അവകാശികൾ | അവകാശം | ഓഹരി 1 |
|---|---|---|
| മകന്റെ മകൻ | മുഴുവൻ സ്വത്ത് | 1 |

2) പരേതന് അനന്തരാവകാശിയായി ആൺമക്കളുടെ ആൺമക്കൾ മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ ശിഷ്ടമോഹരിക്കാർ എന്ന നിലയിൽ പരേതന്റെ മുഴുവൻസ്വത്തിനും അവർ അവകാശികളാണ്. സ്വത്തിനെ അവരുടെ എണ്ണത്തിന് അനുസൃതമായി വിഹിതംവെച്ച് തുല്യ ഓഹരിയായി അവർക്കിടയിൽ വിഹിതം വെക്കപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 5 |
|---|---|---|
| മകന്റെ അഞ്ച് ആൺ മക്കൾ | മുഴുവൻ സ്വത്ത് | ഓരോ മകനും ഒരു ഓഹരി വീതം |



3) പരേതന് അനന്തരാവകാശിയായി ആൺമക്കളുടെ ആൺ മക്കളും പെൺമക്കളും മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ ശിഷ്ടമോഹരിക്കാർ എന്ന നിലയിൽ പരേതന്റെ മുഴുവൻസ്വത്തിനും അവർ അവകാശികളാണ്. സ്വത്ത് വിഹിതംവെക്കുന്നതിനായി അനന്തരാവകാശികളിലെ പുരുഷൻമാരിലെ ഓരോരുത്തരെയും രണ്ടാളായി പരിഗണിച്ച് മൊത്തം അവകാശികളുടെ എണ്ണംകണക്കാക്കി എണ്ണത്തിന് അനുസൃതമായി വിഹിതംവെച്ച് ആണൊന്നിന് രണ്ട് പെണ്ണോഹരി എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ അവകാശികൾക്കിടയിൽ സ്വത്ത് വിഹിതം വെക്കപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 3 |
|---|---|---|
| മകന്റെ മകൻ | മുഴുവൻ സ്വത്ത് | 2 |
| മകന്റെ മകൾ | | 1 |

മകന്റെ മക്കളും അവരുടെ സ്ഥാനത്ത്വരുന്നവരും മറ്റുനിശ്ചിതോഹരിക്കാരുടെ കൂടെ ശിഷ്ടമോഹരിക്കാരായി പരേതന്റെ സ്വത്ത് അനന്തരമെടുക്കുന്ന അവസ്ഥകൾ:

ഈ വിഭാഗത്തിൽ ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കും. പഠനത്തിന് സഹായകമാകുന്നതും കുപ്രചരണങ്ങൾക്ക് വിരാമംകുറിക്കാൻ ഉതകുന്നതുമായ ഏതാനും ചിലത് മാത്രം ഇവിടെ പരിചയപ്പെടാം. മകന്റെ ആൺമക്കൾ പരേതന് ആൺമക്കളില്ലാത്ത സാഹചര്യ ത്തിൽ പരേതന്റെ മകന്റെ സ്ഥാനത്തായിരിക്കും ഉണ്ടാവുക എന്നത് നാം അറിയാതെപോകരുത്.

നിശ്ചിതോഹരിക്കാരുടെകൂടെ മകന്റെ ആൺമക്കൾ ശിഷ്ടമോഹരിക്കാരാകുന്ന രണ്ട് ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു:

1) പരേതന് അനന്തരാവകാശികളായുള്ളത് മാതാവും പിതാവും മകന്റെ മകനോ അവന്റെ സ്ഥാനത്തുള്ളവനോ ആണെങ്കിൽ പരേതനിൽനിന്നുള്ള അനന്തരസ്വത്തിനെ ആറ് ഓഹരിയാക്കി അതിൽ ഒരു ഓഹരി പിതാവിനും ഒരു ഓഹരി മാതാവിനും നിശ്ചിതോഹരി നൽകി ബാക്കിവരുന്ന നാല് ഓഹരി ശിഷ്ടമോഹരിയായി മകന്റെ മകന് പൂർണമായും നൽകപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 6 |
|---|---|---|
| മാതാവ് | $\frac{1}{6}$ | 1 |
| പിതാവ് | $\frac{1}{6}$ | 1 |
| മകന്റെ മകൻ | ബാക്കി | 4 |

ഒന്നിൽകൂടുതൽ ആൺമക്കളാണ് അവരെങ്കിൽ ശിഷ്ടമോഹരിയെ തുല്യമായി വീതിച്ച് അവർക്കിടയിൽ വിതരണം ചെയ്യപ്പെടും.

| | അവകാശികൾ | അവകാശം | ഓഹരി 6 | 18 |
|---|---|---|---|---|
| | മാതാവ് | $\frac{1}{6}$ | 1 | 3 |
| | പിതാവ് | $\frac{1}{6}$ | 1 | 3 |
| 3 | മകന്റെ മൂന്ന് ആൺ മക്കൾ | ബാക്കി | 4 | 12 |

നാലോഹരി മൂന്നുപേർക്കിടയിൽ തുല്യമായി ഭാഗിക്കാനായി മൊത്തം ഓഹരിയായ ആറിനെ മൂന്ന്കൊണ്ട് ഗുണിച്ച് 18 ഓഹരിയാക്കി അതിൽ മൂന്നോഹരി പിതാവിനും മൂന്നോഹരി മാതാവിനും നാല് ഓഹരികൾ വീതം മകന്റെ ആൺമക്കൾക്കിടയിലും വിതരണം ചെയ്യപ്പെടും.

2) ഒരു സ്ത്രീ മരണപ്പെട്ടു. അവർക്ക് അനന്താരാവകാശികളായുള്ള് ഭർത്താവ്, പിതാവ്, മാതാവ്, മകന്റെ ആൺമക്കൾ എന്നിവരാണെങ്കിൽ പരേതയുടെ അനന്തരസ്വത്തിനെ പന്ത്രണ്ടായി വിഭജിച്ച് നിശ്ചിതോഹരിക്കാർ എന്ന നിലക്ക് ഭർത്താവ്, പിതാവ്, മാതാവ് എന്നിവർക്ക് മൂന്ന്, രണ്ട്, രണ്ടുവീതം ഓഹരികൾ യഥാക്രമം നൽകപ്പെടും. അവശേഷിക്കുന്ന അഞ്ചോഹരി മകന്റെ ആൺമക്കൾക്ക് ശിഷ്ടമോഹരിയായും നൽകപ്പെടും.


| അവകാശികൾ | അവകാശം | ഓഹരി 12 |
|---|---|---|
| ഭർത്താവ് | $\frac{1}{4}$ | 3 |
| മാതാവ് | $\frac{1}{6}$ | 2 |
| പിതാവ് | $\frac{1}{6}$ | 2 |
| മകന്റെ മകൻ | ബാക്കി | 5 |

ഇനി നിശ്ചിതോഹരിക്കാരുടെ കൂടെ മകന്റെ ആൺമക്കളും പെൺമക്കളും ഒന്നിച്ച് ശിഷ്ടമോഹരിക്കാരാകുന്ന രണ്ട് ഉദാഹരണങ്ങൾ കൂടി ശ്രദ്ധിക്കാം.

1) ഒരാൾ മരണപ്പെട്ടു. അയാൾക്ക് അനന്തരാവകാശികളായുള്ളത് ഭാര്യയും രണ്ട് പെൺമക്കളും മകന്റെ രണ്ട് ആൺമക്കളും ഒരു മകളുമാണെന്ന് കരുതുക. പരേതന്റെ സ്വത്തിനെ 24 ഓഹരിയായി ഭാഗിച്ച് അതിൽ ഭാര്യക്ക് മൂന്ന് ഓഹരിയും പതിനാറ് ഓഹരി രണ്ട് പെൺമക്കൾക്കും നിശ്ചിതോഹരിയായി നൽകുന്നു. ശേഷം അവശേഷിച്ച അഞ്ച് ഓഹരിയിൽ രണ്ട് ഓഹരികൾ വീതം പരേതന്റെ മകന്റെ രണ്ട് ആൺമക്കൾക്കും ഒരു ഓഹരി മകന്റെ മകൾക്കും ശിഷ്ടമോഹരിയായി നൽകപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 24 |
|---|---|---|
| ഭാര്യ | ⅛ | 3 |
| പെൺമക്കൾ -2 | ⅔ | 16 |
| മകന്റെ 2 ആൺമക്കൾ | ബാക്കി | 2+2 |
| മകന്റെ മകൾ | | 1 |

2) പരേതന്റെ അനന്തരാവകാശികളായി ജീവിച്ചിരിക്കുന്നത് മാതാവും പിതാവും മകന്റെ മകനും മകന്റെ രണ്ട് പെൺമക്കളുമാണ്. എങ്കിൽ പരേതന്റെ സ്വത്ത് ആറായിഭാഗിച്ച് ഒരു ഓഹരി മാതാവിനും ഒരു ഓഹരി പിതാവിനും നിശ്ചിതോഹരിയായി നൽകപ്പെടും. അവശേഷിക്കുന്ന നാല് ഓഹരികളിൽ രണ്ട് ഓഹരി പരേതന്റെ മകന്റെ മകനും ഓരോ ഓഹരിവീതം മകന്റെ രണ്ട് പെൺമക്കൾക്കും ശിഷ്ടമോഹരിയായി നൽകപ്പെടും.



| അവകാശികൾ | അവകാശം | ഓഹരി 24 |
|---|---|---|
| മാതാവ് | ⅙ | 1 |
| പിതാവ് | ⅙ | 1 |
| മകന്റെ മകൻ | ബാക്കി | 2 |
| മകന്റെ 2 പെൺമക്കൾ | | 1+1 |

പരേതന്റെ പെൺമക്കളും മകന്റെ പെൺമക്കളും മകന്റെ മകന്റെ ആൺമക്കളും ഒന്നിച്ച് അനന്തരമെടുക്കുന്ന അവസ്ഥകളും ഇസ്‌ലാമിക അനന്തരാവകാശനിയമത്തിൽ കാണാൻ സാധിക്കും. അത്തരം അവസ്ഥകൾ വിരളമായിട്ടെങ്കിലും സംഭവിക്കാറുണ്ട്. ആ അവസ്ഥകൂടി വിഷയത്തിന്റെ പരിപൂർണതക്കു വേണ്ടി നമുക്ക് പരിചയപ്പെടാം.

പരേതന് അനന്തരാവകാശികളായുള്ളത് രണ്ടോ അതിലധികമോ പെൺമക്കളും മകന്റെ പെൺമക്കളും മകന്റെ മകന്റെ ആൺമക്കളോ, ആൺമക്കളും പെൺമക്കളും ഒന്നിച്ചാണെന്നോ വിചാരിക്കുക. അത്തരം ഘട്ടത്തിൽ സ്വത്തിനെ മൂന്നായി ഭാഗിച്ച് അതിൽ രണ്ട് ഓഹരി പരേതന്റെ പെൺമക്കൾക്ക് നിശ്ചിതോഹരിയായി നൽകപ്പെടും.

| | അവകാശികൾ | അവകാശം | ഓഹരി 3 | 9 |
|---|---|---|---|---|
| | പെൺമക്കൾ 2 | ⅔ | 2 | 6 |
| 3 | മകന്റെ മകൾ | ബാക്കി | 1 | 1 |
| | മകന്റെ മകന്റെ മകൻ | | | 2 |

നിശ്ചിതോഹരിയിൽ സ്ത്രീകളുടെ ഓഹരിയായ മൂന്നിൽരണ്ടും പരേതന്റെ പെൺമക്കൾക്കുതന്നെ ലഭിച്ച സ്ഥിതിക്ക് അവരുടെ സ്ഥാനത്ത് വരുന്ന നിശ്ചിതോഹരിക്കാരായ മകന്റെ പെൺമക്കൾക്ക് ഓഹരി ലഭിക്കാത്ത അവസ്ഥവരും. അത്തരം ഘട്ടത്തിൽ അവരെക്കാളും താഴെ തലമുറയും ശിഷ്ടമോഹരിക്കാരുമായ മകന്റെ മകന്റെ ആൺമക്കളുടെ കൂടെ അവരുടെ സഹോദരിയുടെ സ്ഥാനത്ത് കണക്കാക്കി ഒരുപുരുഷന് രണ്ട് സ്ത്രീകളുടെ അവകാശം എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന ഒരു ഓഹരി വിഹിതംവെച്ച് വിതരണം ചെയ്യപ്പെടും.

വസ്തുതകൾ ഇങ്ങനെയായിട്ടും സ്ത്രീകളോടും പേരമക്കളോടും അനന്തരസ്വത്തിന്റെ വിഷയത്തിൽ നീതികേട് കാണിക്കുന്ന മതമാണ് ഇസ്‌ലാം എന്ന് വിമർശകർ വിടുവായത്തം വിളമ്പുമ്പോൾ, വസ്തുത എന്തെന്ന് മനസ്സിലാക്കാൻ ശ്രമിക്കാതെ അത് ഏറ്റുപാടി നടക്കുന്നവർ അവരുടെ അൽപത്വം ആഘോഷമാക്കുന്നു എന്ന് മാത്രമാണ് വിഷയത്തെ മാന്യമായി നോക്കിക്കാണുന്നവർക്ക് പറയാൻ സാധിക്കുക. (തുടരും)

പി.എൻ സോമൻ
mail@nerpatham.com

അനുഭവം



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

12

മനസ്സ് സ്വസ്ഥമായി. ആത്മവിശ്വാസവും ആത്മധൈര്യവും പ്രതീക്ഷകളുമെല്ലാം ഇതാ പരിശുദ്ധ ഇസ്‌ലാമിലൂടെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു! പത്തു പന്ത്രണ്ടു വർഷത്തെ അധ്വാനഫലം തുച്ഛമായ ആറേഴുമാസം കൊണ്ടു നിവൃത്തിച്ചിരിക്കുന്നു!

ഈശ്വരനെ തേടി ഞാൻ നടന്നു; നഗരങ്ങളിലൂടെ, ഗ്രാമങ്ങളിലൂടെ... എവിടെയും കണ്ടെത്തിയില്ല. ഇപ്പോൾ ഇതാ യഥാർഥ ഈശ്വരനെ കണ്ടെത്തിയിരിക്കുന്നു; ഇസ്‌ലാമിലൂടെ. ആ ദൈവത്തിലേക്ക് ഒരു മധ്യസ്ഥനില്ല, മറയില്ല, ശുപാർശക്കാരില്ല! ആ ദൈവത്തിന് ജനനമില്ല, മരണമില്ല, വിശപ്പും ദാഹവുമില്ല, ഉറക്കമില്ല, ക്ഷീണമില്ല, ഇണയില്ല, മക്കളില്ല! അവൻ പരമപരിശുദ്ധനായ അല്ലാഹു!

ഊരിൽ ഇരുചെവിയറിയാതെ ഇവിടെ വരെയെത്തി.

എന്നാൽ മുന്നോട്ടുള്ള പ്രയാണത്തിൽ ആശങ്കയായി. എങ്ങനെ ഇസ്‌ലാമിൽ പ്രവേശിക്കും. കർമങ്ങൾ ചെയ്യണമല്ലോ! ആരോട് പറയും? വളരെ ദൂരെയുള്ള മുസ്‌ലിം പള്ളികൾക്ക് സമീപം പാത്തും പതുങ്ങിയുമൊക്കെ പല ദിവസങ്ങളിലും ചുറ്റിക്കറങ്ങി. പള്ളിപ്പരിസരത്ത് തൊപ്പിയും പുസ്തകങ്ങളും സുഗന്ധവുമൊക്കെ വിൽക്കുന്നത് ശ്രദ്ധയിൽപെട്ടു.

ഒരു ദിവസം കൃത്രിമ മുസ്‌ലിം വേഷത്തിൽ പോയി വിൽപനക്കാരനിൽനിന്നും ഏതാനുംപുസ്തകങ്ങൾ വാങ്ങി. പുസ്തകം തിരയുന്ന സമയത്ത് എന്നെ നോക്കി അയാൾ പറഞ്ഞു: 'അസ്സലാമു അലൈക്കും.' എനിക്ക് മനസ്സിലായില്ല. ഞാൻ പറഞ്ഞു: 'അത് ഇങ്ങെടുക്കൂ, നോക്കട്ടെ.' അന്നേരം അയാൾ ചിരിച്ചുകൊണ്ട് ചോദിച്ചു: 'പേരെന്താ?' ഞാൻ പറഞ്ഞു: 'ബിലാൽ.' മറുചോദ്യം: 'ബിലാലോ?' അപ്പോൾ ഞാൻ പറഞ്ഞു: 'അബ്ദുല്ല.' അപ്പോഴും അയാൾ ചിരിച്ചു. കള്ളം പൊളിഞ്ഞെന്നു ബോധ്യപ്പെട്ടപ്പോൾ പോകാൻ ധൃതികൂട്ടി. പുസ്തകം പിന്നെ മതി എന്നായി. എന്റെ വെപ്രാളം കണ്ടപ്പോൾ താടി നീട്ടിവളർത്തിയ പ്രായമുള്ള ആ മനുഷ്യൻ പറഞ്ഞു: 'സഹോദരാ.. നിന്നെ ആദ്യം കണ്ടപ്പോൾ ഞാൻ കരുതി ഒരു മുസ്‌ലിം ആയിരിക്കുമെന്ന്. ഇപ്പോൾ മനസ്സിലായി മുസ്‌ലിമല്ലെന്ന്. എന്താണ് നിന്റെ ആവശ്യം? പറയൂ.' ആദ്യം ഓടിപ്പോകാനാണ് തോന്നിയത്. പക്ഷേ, ആ മനുഷ്യന്റെ വിടർന്ന പുഞ്ചിരിയും ഹൃദ്യമായ സമീപനവും കണ്ടപ്പോൾ ഞാൻ സത്യം പറഞ്ഞു: 'ഞാൻ ഇസ്‌ലാമിനെക്കുറിച്ചു പഠിക്കാൻ വേണ്ടിയാണ് പുസ്തകം തിരഞ്ഞത്.' വീടും സ്ഥലവും ചോദിച്ചു. പക്ഷേ, ഞാൻ മാറ്റിപ്പറഞ്ഞു. ആ നല്ല മനുഷ്യൻ വേറെ മൂന്ന് പുസ്തകങ്ങൾകൂടി എടുത്തു പൊതിഞ്ഞുതന്നു. പുസ്തകം തരുമ്പോൾ അയാൾ പറഞ്ഞു: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം.' എനിക്കു കാര്യം മനസ്സിലായില്ല. ഞാൻ കാശ് കൊടുത്തു. അയാൾ അത് വാങ്ങി എന്റെ പോക്കറ്റിൽതന്നെ വച്ചുതന്നിട്ടു പറഞ്ഞു: 'ഇത് എന്റെ വകയായി വണ്ടിക്കൂലിക്ക് ഇരിക്കട്ടെ. നിങ്ങൾ കൊണ്ടുപോയി പഠിക്കൂ. പഠിച്ച് സ്വർഗം കരസ്ഥമാക്കൂ. അല്ലാഹു നിങ്ങളെ സഹായിക്കും.' ഇതാണ് മുസ്‌ലിംകളുമായുള്ള സാഹോദര്യബന്ധത്തിന് വഴിതുറന്ന കഥ.

ഇസ്‌ലാമിന്റെ അടിത്തറ, നിസ്‌ക്കാരത്തിന്റെ രൂപങ്ങൾ, ബാങ്കും ഇഖാമത്തും, സത്യത്തിലേക്കുള്ള പാത, പ്രപഞ്ച രഹസ്യം എന്നീ പുസ്തകങ്ങളുമായി ഞാൻ വീട്ടിലെത്തി. എല്ലാം പരിശോധിച്ചു; പഠിച്ചു. ഇസ്‌ലാമിന്റെ അടിത്തറ, നിസ്‌ക്കാരത്തിന്റെ രൂപങ്ങൾ എന്നിവ വളരെ സൂക്ഷ്മമായി വായിച്ചു മനസ്സിലാക്കി.

ഒരാൾ ഇസ്‌ലാമിലേക്ക് പ്രവേശിക്കുമ്പോൾ ആദ്യം ശുദ്ധിയാകണം, പിന്നെ ശഹാദത്ത് കലിമ ചൊല്ലണം. ഉള്ളിലൊരു ശങ്കയുയർന്നു. ശുദ്ധി ചെയ്തു വന്നശേഷം ശഹാദത്ത് കലിമ ആര് പറഞ്ഞുതരും? ഒരെത്തും പിടിയും ഇല്ല. ഒരു വഴി ഉറപ്പിച്ചു. വരുന്നതു വരട്ടെ.

എല്ലാവരും ഉറങ്ങിയശേഷം മണ്ണെണ്ണ വിളക്കുമായി മുറ്റത്തിറങ്ങി. പുസ്തകം നിവർത്തിവച്ചു. അതിൽ എഴുതിയതിൻ പ്രകാരം വുദൂഅ് ചെയ്തു. മുറിയിൽ കയറി. പുസ്തകം വിളക്കുവെളിച്ചത്തിൽ നിവർത്തിവച്ചു; പ്രാർഥിച്ചു: 'അല്ലാഹുവേ, നീ എന്റെ കണ്ഠനാഡിയെക്കാൾ അടുത്തുണ്ടല്ലോ. എനിക്ക് കലിമ പറഞ്ഞുതരാൻ ആരുമില്ല. നാഥാ, ഇതു നിനക്കറിയാമല്ലോ. നാഥാ, ഞാൻ ചെയ്യാൻ പോകുന്നതിന്റെ ഗുണദോഷ വശങ്ങൾ നിനക്കു മാത്രമെ അറിയുകയുള്ളൂ. തമ്പുരാനേ... തെറ്റാണെങ്കിൽ എന്നെ തടയുകയും ശരിയാണെങ്കിൽ എന്നെ സഹായിക്കുകയും ചെയ്യണമേ. അല്ലാഹുവേ. ഞാൻ വായിച്ചു മനസ്സിലാക്കിതുപ്രകാരം ഞാനിതാ കലിമചൊല്ലുന്നു. അറബി അക്ഷരങ്ങൾ മൊഴിയേണ്ടപ്രകാരം മൊഴിയാൻ പഠിച്ചിട്ടില്ല; എങ്കിലും ഞാനിതാ എന്റെ അറിവിന്റെ പരിമിതിയിൽനിന്നുകൊണ്ട് ശഹാദത്ത് ചൊല്ലുന്നു:

> **1995 മാർച്ച് 19ന് അർധരാത്രി കഴിഞ്ഞ് ഏഴുന്നേറ്റ് വുദൂഅ് ചെയ്ത് രണ്ടുറക്അത്ത് നമസ്‌കരിച്ചു. ലോകത്തിന്റെ നാഥനോട് ചുടുകണ്ണീർ സമർപ്പിച്ചുകൊണ്ട് യാചിച്ചു. നാഥാ നിന്റെ സന്നിധിയിലെത്താൻ... പന്ത്രണ്ടു വർഷത്തോളം ഞാൻ അലഞ്ഞുതിരിഞ്ഞത് നിനക്കറിയാമല്ലോ. ഇപ്പോൾ എല്ലാം അവസാനിപ്പിച്ചിരിക്കുന്നു. ഞങ്ങളും നിന്റെ സൃഷ്ടിയല്ലേ. വനവാസികളായിപ്പോയിയെന്നതിനെ ഒരു കുറവായി നീ കാണുന്നില്ലല്ലോ. നാഥാ, നിന്റെ പരിശുദ്ധ ഇസ്‌ലാമിന്റെ സുഗന്ധം അൽപമെങ്കിലും അനുഭവിക്കാനുള്ള ഭാഗ്യം ഞങ്ങൾക്ക്കൂടി തരേണമേ.' ഒരു സൃഷ്ടിയോടും യാതൊരു വിവേചനവും കാണിക്കാത്ത പ്രപഞ്ചനാഥന്റെ അത്ഭുതകരമായ സഹായമാണ് പിന്നീടു ലഭിച്ചത്!**

"അശ്ഹദു അൻലാഇലാഹ ഇല്ല ല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്; ആരാധനക്കർഹൻ അ ല്ലാഹു അല്ലാതെ മറ്റാരും ഇല്ലെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ തിരു ദൂതനാണെന്നും ഞാൻ വിശ്വസിച്ച്, ഹൃ ദയത്തിൽ ഉറപ്പിച്ച്, നാവുകൊണ്ട് വെ ളിവാക്കുന്നു."

പിന്നീട് നമസ്കാരത്തിന്റെ ഓരോ രൂപവും മനസ്സിലാക്കി പ്രാവർത്തിക മാക്കി; ചൊല്ലേണ്ട കാര്യങ്ങൾ മലയാ ളത്തിലുള്ള പുസ്തകം നോക്കിയാണ് ചൊല്ലിയത്. അങ്ങനെ 1995 ഡിസംബർ 5ന് രാത്രി 11 മണിക്കുശേഷം ലോകര ക്ഷിതാവിന്റെ മുമ്പിൽ, സമൂഹം അവ ഹേളിക്കുന്ന ഒരു ഗോത്രവർഗ ശിശു സുജൂദ് ചെയ്ത് നമസ്കരിച്ചു. ഏത് പ്രതിസന്ധികളെയും നേരിടാമെന്നൊരു തോന്നലും ആത്മധൈര്യവും കിട്ടിയ തുപോലെ!

പാത്തും പതുങ്ങിയും, അവസര ങ്ങൾ നോക്കിയുള്ള നമസ്കാരവും ഇ സ്ലാം പഠനങ്ങളുമായി ഒരു വർഷം തികയാറായി.

ഒരുദിവസം രാത്രി എട്ടുമണി; വീടി നുള്ളിൽ നല്ല അനുകൂല സാഹചര്യം. ഇന്നു പതിനൊന്നു മണി വരെ കാത്തി രിക്കേണ്ട. കിട്ടിയ അവസരം ഉപയോ ഗിക്കാമെന്നു കരുതി. മക്കൾ നാലുപേ രും പഠിക്കുകയും കഥകൾ പറഞ്ഞ് രസിക്കുകയുമാണ്. ഭാര്യ അത്താഴം തയ്യാറാക്കുന്ന ശ്രദ്ധയിൽ. അച്ഛനും അ മ്മയും കിടക്കുകയാണ്. കിട്ടിയ അവ സരം പെട്ടെന്നു വിനിയോഗിക്കാമെന്നു കരുതി. വുദൂഅ് ചെയ്തു. കതകടച്ച് നമസ്കാരം തുടങ്ങി. ഒന്നാമത്തെ റ ക്അത്തിൽ സുജൂദിൽ കിടക്കുമ്പോൾ ആരോ കതകുതുറന്നു. സലാം വീട്ടി എഴുന്നേൽക്കുന്നതിനു മുമ്പ് മകളുടെ വിളി: 'എടാ, ഓടി വാടാ. ഒരു സൂത്രം കാണാൻ.' അമ്മയും ഭാര്യയും മക്കളു മെല്ലാം അടുത്തുവന്നു.

മകളുടെ വിശദീകരണം: 'ഞാൻ വ ന്നപ്പോ ചാച്ച കുനിഞ്ഞു കമിഴ്ന്നുകി ടക്കുവാരുന്നു. ഞാൻ വിളിച്ചപ്പോ പെ ട്ടെന്ന് ഇരുന്ന് തല ഇടംവലം തിരിച്ചു കാണിച്ചുകൊണ്ട് ഇങ്ങനെ, ഇങ്ങനെ കാണിച്ച് എഴുന്നേറ്റു.'

ഭാര്യ: 'ശരിയാ... മുമ്പ് ഒന്നുരണ്ട് പ്രാവശ്യം ഞാനും കണ്ടിട്ടുണ്ട് കുനിഞ്ഞു കിടക്കു ന്നതും നിവരുന്നതും. ഞാൻ ചോദിച്ചപ്പോൾ കട്ടിലി നടിയിൽ എന്തോ അനക്കം കേട്ടു നോക്കിയതാണെ ന്നാ പറഞ്ഞത്.'

'എന്തു പറ്റി മോനേ നിനക്ക്?' എന്ന ചോദ്യത്തോ ടൊപ്പം അമ്മ രണ്ടു കൈയും തലയിൽവെച്ച് അല മുറ കൂട്ടാൻ തുടങ്ങി.

'അയ്യോ! എന്റെ ദൈവങ്ങളേ... എന്റെ കുഞ്ഞി നെന്തു പറ്റിയാവോ...'

രംഗം ശാന്തമാക്കാൻ ഞാൻ ശ്രമിച്ചു: 'അമ്മേ, ബഹളം വയ്ക്കാതെ. ഈ കൊച്ച് ചുമ്മാതെ പറയു ന്നതാ. ലൈറ്റിട്ടു കട്ടിലിനടിയിൽ ഒരു സാധനം നോ ക്കയാരുന്നു.'

'അതിനെന്തിനാ തോർത്ത് തറയിൽ വിരിച്ചിരി ക്കുന്നത്?' മറുചോദ്യം.

മകൾ വീണ്ടും: 'അല്ല... അല്ല... ഞാൻ കണ്ടത് തല അങ്ങോട്ടും ഇങ്ങോട്ടും തിരിക്കുന്നതാ.'

അടുത്ത ബോംബുമായി ഭാര്യ: 'കുറെ നാളായി എന്തെല്ലാം പുതിയ പുതിയ കാര്യങ്ങളാ എന്നോടു പറയുന്നത്. തലമുടി ഒരു തുണികൊണ്ട് മറക്കണം. കൈക്ക് ഇറക്കമുള്ള ബ്ലൗസ് തയ്പ്പിക്കണം. മൂത്രം ഒഴിച്ചാൽ വെള്ളംകൊണ്ട് ശുദ്ധിചെയ്യണം...ചില ദി വസം ഉറങ്ങാതിരുന്നു രാത്രി ഒത്തിരിസമയം വായി ക്കുന്നതു കാണാം. ചിലപ്പോൾ രണ്ടു കൈയും മ ലർത്തിപ്പിടിച്ചു പിറുപിറുത്തുകൊണ്ട് എന്തോ മന്ത്രം പറയുന്നതും കണ്ണുനീരു തുടക്കുന്നതുമൊക്കെ ഞാൻ കണ്ടിട്ടുണ്ട്.'

ഇതുകൂടി കേട്ടപ്പോൾ അമ്മയുടെ നിയന്ത്രണം വിട്ടു. വാവിട്ടു കരഞ്ഞു: 'ഇവനെ ഏതോ അഴുക്കു പിശാചു കൂടിയതാ...'

ഭാര്യ: 'ആ ഉപദേശിമാരെ പിണക്കിവിട്ടതിൽ പി ന്നാ ഇതൊക്കെ തുടങ്ങിയത്. നേരത്തെ ഞാൻ പറ യണമെന്ന് ഓർത്തതാ. വല്ലതും കഴിക്കുന്നതിനു മു മ്പും കഴിച്ചശേഷവും മിക്കവാറും മറുഭാഷ പറയു ന്നതു ഞാൻ കേട്ടിട്ടുണ്ട്.'

'എന്താടീ ഇവൻ മറുഭാഷ പറയുന്നത്?' അമ്മ.

'എനിക്കറിയില്ല. എന്നോടല്ല. തന്നെത്താൻ പറ യുന്നതാ.'

(ബിസ്മില്ലാഹ്, അൽഹംദുലില്ലാഹ്, സുബ്ഹാ നല്ലാഹ്, ലാ ഇലാഹ ഇല്ലല്ലാഹ്– ഇതൊക്കെയാണ് ഭാര്യ കേട്ട മറുഭാഷ).

ഈ കോലാഹലത്തിനിടയിൽ മലവേലനെ(അ മ്മാവനെ) വിളിച്ചുകൊണ്ടുവരാൻ ആളയച്ചത് ഞാ നറിഞ്ഞില്ല. ശംഖ് ഉണർത്തിക്കൊണ്ട് മലവേലൻ രം ഗപ്രവേശം ചെയ്തു.

അമ്മാവൻ: 'എന്താ കൊച്ചേ പ്രശ്നം?'

ഭാര്യ: 'അമ്മാവാ, കുഞ്ഞിച്ചന് (ഭർത്താവ്) എന്തോ വല്യപ്രശ്നം ഉണ്ട്. പാതിരാത്രിയാവുമ്പോഴൊക്കെ നിലത്ത് തോർത്തുവിരിച്ച് കുനിഞ്ഞ് കിടക്കുകയും കുത്തിയിരിക്കുകയും തല ഉയർത്തിപ്പിടിച്ച് കുശു കുശുക്കുകയും ചെയ്യും. മിക്കപ്പോഴും രാത്രി ഉറക്കമില്ല. മിനക്കെട്ടിരുന്നു വായനയാ. അതും കൂടോത്രക്കാരായ മുസ്‌ലിംകളുടെ പുസ്തകമാണെന്നു തോന്നുന്നു. എന്തോ വല്യ കുഴപ്പമുണ്ട്. എനിക്കാകെ പേടിയാകുന്നു. ആ ഉപദേശിമാർ കൂടോത്രം വല്ലതും ചെയ്തതായിരിക്കുമോ?'

മലവേലന്റെ പരിപാടികൾ തുടങ്ങി. എണ്ണത്തിരി കത്തിച്ചു. ശംഖ് ഊതി,

'99 മലവില്ലന്മാരേ, മലവേലന്മാരേ... കൊമ്പൂഞ്ഞ്, ശാശ്, മാടൻ, മർദ, ക്രിസ്ത്യാനികളായ ചുടലപ്പിശാചുക്കൾ, ഏതു കാലമാടനാണെങ്കിലും ശരി, ഈ നിമിഷം എന്റെ ഉണ്ണിയെ വിട്ടുപൊക്കോണം. ഹും... ഒഴിഞ്ഞു പോകാനല്ലേ പറഞ്ഞത്.'

ശേഷം കുറച്ച് ഭസ്മം എന്റെ തലയിൽ വിതറുകയും നാക്കിൽ തരികയും ചെയ്തു. എണ്ണത്തിരി തലയ്ക്ക് മൂന്ന് പ്രാവശ്യം ചുറ്റിച്ചശേഷം മുറ്റത്തിറങ്ങി വടക്കോട്ട് എറിഞ്ഞു.

ഞാൻ എല്ലാ ക്രിയകളും അംഗീകരിച്ചുകൊണ്ട് കട്ടിലിൽ കമിഴ്ന്നുകിടക്കുകയാണ്. പല്ലുകൾ കടിച്ചു പിടിച്ചുകൊണ്ടിരിക്കുകയാണ്. പൊട്ടിച്ചിരിയെങ്ങാനും പുറത്തുചാടിയാൽ കളി മാറും. മുഴുഭ്രാന്താണെന്നു വിധി പ്രഖ്യാപിക്കും.



കുടുംബക്കാരുടെ അഭിപ്രായങ്ങളും ചർച്ചകളും നീണ്ടുപോകുമെന്ന് ഉറപ്പായപ്പോൾ ഒരു അടവ് പ്രയോഗിച്ചു. പെട്ടെന്ന് ചാടി എഴുന്നേറ്റു. വെള്ളം വാങ്ങിക്കുടിച്ചു.

'ഹോ, ആഹോ... രക്ഷപ്പെട്ടു. എന്തോ ദേഹത്തുനിന്നും ഇറങ്ങിപ്പോയതുപോലെ. ഭാരം കുറഞ്ഞതുപോലെ തോന്നുന്നു. ആശ്വാസമായി. രക്ഷപ്പെട്ടു' എന്നു പറഞ്ഞ് പുഞ്ചിരിച്ചു.

എല്ലാവർക്കും സന്തോഷവും സമാധാനവുമായി. അമ്മാവൻ അഭിമാനത്തോടെ ഒന്ന് ഇളകിയിരുന്നു.

'ങാ... എങ്ങനെ മാറാതിരിക്കാൻ. എന്നോടാ കളിക്കുന്നത്!'

ഞാൻ തലകുലുക്കി സമ്മതിച്ചു. 11 മണിയോടെ സഭ പിരിഞ്ഞു.

ഈ നാടകം അധികനാൾ മുന്നോട്ടുപോകില്ല. എങ്ങനെയും ഔദ്യോഗികമായി ഇസ്‌ലാം സ്വീകരിക്കണം. എങ്ങനെ? ആര് സഹായിക്കും. ഇനിയൊരു മതംമാറ്റത്തെ കുറിച്ച് വീട്ടുകാരെങ്ങാനും അറിഞ്ഞാൽ സ്ഥിതി അതീവ ഗുരുതരമാകും. ദുർവാസാവ് മഹർഷിയുടെ സ്വഭാവമുള്ള സ്വന്തം അച്ഛൻ തന്നെ വെട്ടുകത്തിക്ക് പത്ത് പീസാക്കും; ഉറപ്പ്.

എന്താണൊരു പോംവഴി? പരിചയപ്പെട്ട പല മുസ്‌ലിംകളെയും സമീപിച്ചു ആഗ്രഹം അറിയിച്ചു. അവരെല്ലാം ഒഴിഞ്ഞുമാറി. ചിലർ എന്നെ ഉപദേശിച്ചു.

'നിങ്ങൾ ആദിവാസികൾ, മാത്രമല്ല ശബരിമല ക്ഷേത്രവുമായി ബന്ധമുള്ള മലവേലന്മാർ. നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചാൽ അതിന്റെ പിന്നിലുണ്ടാകുന്ന ഭവിഷ്യത്തുകൾ ഗൗരവമുള്ളതായിരിക്കും. ആവശ്യമില്ലാത്ത ആഗ്രഹങ്ങൾ ഉപേക്ഷിക്കുന്നതാണ് നല്ലത്.'

എന്റെ നിർബന്ധത്തിന് വഴങ്ങി ഒരാൾ പറഞ്ഞു: 'രണ്ടു പ്രവർത്തകരെ പരിചയപ്പെടുത്തിത്തരാം. പക്ഷേ, എന്നെ ഉപദ്രവിച്ചേക്കരുത്.'

അയാൾ രണ്ട് പ്രവർത്തകരെ പരിചയപ്പെടുത്തി തന്നു. കാര്യങ്ങൾ മനസ്സിലാക്കിയ അവർ പറഞ്ഞു: 'ഞങ്ങൾ സഹായിക്കാം. പക്ഷേ, പൊന്നാനി ഇസ്‌ലാം സഭയിൽ പോയി മൂന്നുമാസം താമസിക്കാതെ യാതൊരു മാർഗവുമില്ല. നിങ്ങൾ നാടും വീടും സ്വത്തുക്കളുമെല്ലാം ഉപേക്ഷിച്ചു പോകാൻ തയ്യാറാണോ?'

'അതെ, തയ്യാറാണ്.' കുട്ടികളുടെ പരീക്ഷ കഴിയുന്നതുവരെ (മാർച്ച്) കാത്തിരിക്കാൻ പറഞ്ഞുറപ്പിച്ചു പിരിഞ്ഞു. മൂന്ന് മാസത്തെ ഇടവേളയുണ്ട്.

വെള്ളിയാഴ്ചയിലെ ജുമുഅയുടെ പ്രതിഫലം വായിച്ചു മനസ്സിലാക്കി. ഒരു ജുമുഅ കൂടാൻ ആഗ്രഹം തോന്നി. 30 കിലോമീറ്റർ ദൂരെയുള്ള ഒരു പള്ളിയിൽ പോയി. ആരും തിരിച്ചറിയാതിരിക്കാൻ വേഷവിധാനത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഖുത്വുബ (പ്രസംഗം) കേട്ട് അന്തംവിട്ടുപോയി. ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ ബിലാൽ എന്ന അടിമക്കു അനുഭവിക്കേണ്ടി വന്ന പീഡനങ്ങളുടെ കഥ! എനിക്കു വേണ്ടിയാണോ ഇന്ന് ഈ പ്രസംഗം നടത്തിയതെന്നു തോന്നിപ്പോയി; ഞാൻ പേടിച്ചു പിൻതിരിയാതിരിക്കാൻ!

എന്നാൽ കാര്യങ്ങൾ പലരും അറിയാൻ തുടങ്ങി. വീട്ടുകാരിലും ചില സംശയങ്ങൾ മുളച്ചിട്ടുണ്ട്. ഒരു ദിവസം ഒരു പണ്ഡിതൻ വീട്ടിൽ വന്നുകേറുന്നത് പറമ്പിൽ പണിയെടുത്തുകൊണ്ടിരുന്ന അച്ഛൻ കണ്ടു. ചീറി അലറിക്കൊണ്ട് അച്ഛൻ വെട്ടുകത്തിയുമായി ഓടിവന്നു.

'പന്ന പാടേ, നീ ആരാടാ' എന്നലറിക്കൊണ്ട് തലക്ക് വെട്ടാൻ വെട്ടുകത്തി ഉയർത്തി. ഞാൻ ഇടയ്ക്ക് കയറി വന്നയാളെ തള്ളിമാറ്റി. ഒരു സെക്കന്റ് താമസിച്ചുപോയിരുന്നെങ്കിൽ അയാളുടെ കഥ കഴിയുമായിരുന്നു. പുളിച്ച തെറിയുടെ അഭിഷേകം. പിടിവലിയുമായി ഒരു വിധത്തിൽ അച്ഛനിൽനിന്നും അയാളെ രക്ഷിച്ചു പമ്പാനദിയുടെ മറുകര കടത്തിവിട്ടു.

തിരിച്ചു വന്നപ്പോൾ പ്രകടനം എന്നോടായി: 'നിന്നെ ഇന്ന് ശരിയാക്കുമെടാ.'

അടുത്തു വന്നപ്പോൾ അമ്മ ഇടയ്ക്ക് കയറി. അച്ഛൻ കലിതുള്ളി വിറയ്ക്കുകയാണ്.

'നിന്റെ തോന്ന്യാസം. അമ്പലോം മലേം പൊക്കിക്കൊണ്ട് നടന്നു, പിന്നെ വീടു പള്ളിയാക്കി. ഇപ്പോൾ മന്ത്രവാദികളുടെ (മുസ്‌ലിം) പുറകെ, നിന്നെ ഞാൻ അരിഞ്ഞു തീർക്കും.'

വിഷയം ഊരുകളിൽ അറിയാതിരിക്കാൻ ഞാൻ അച്ഛന്റെ കാലിൽ പിടിച്ചു സത്യം ചെയ്തു: 'ഒരു മുസ്‌ലിമുമായി മേലിൽ ഒരു ബന്ധവുമില്ല. ഇന്നത്തോടെ എല്ലാം അവസാനിപ്പിച്ചിരിക്കുന്നു. എന്നെ കാണാൻ ഒരു മുസ്‌ലിമും ഇവിടെ വരില്ല. ഞാനും ആരെയും കാണാൻ പോകില്ല.'

'നേരാണോടാ?'

'അതെ, 99 മലദൈവങ്ങളാണ് സത്യം!'

പേടിച്ചുവിറച്ച അമ്മ പറഞ്ഞു: 'അവൻ സത്യം ചെയ്തില്ലേ? മതി, നിർത്തൂ...'

അച്ഛൻ പിൻവാങ്ങി.

1995 മാർച്ച് 19ന് അർധരാത്രി കഴിഞ്ഞ് ഏഴുന്നേറ്റ് വുദൂഅ് ചെയ്ത് രണ്ടുറക്അത്ത് നമസ്കരിച്ചു. ലോകത്തിന്റെ നാഥനോട് ചുടുകണ്ണീർ സമർപ്പിച്ചുകൊണ്ട് യാചിച്ചു. നാഥാ നിന്റെ സന്നിധിയിലെത്താൻ... പന്ത്രണ്ടു വർഷത്തോളം ഞാൻ അലഞ്ഞുതിരിഞ്ഞത് നിനക്കറിയാമല്ലോ. ഇപ്പോൾ എല്ലാം അവസാനിപ്പിച്ചിരിക്കുന്നു. ഞങ്ങളും നിന്റെ സൃഷ്ടിയല്ലേ. വനവാസികളായിപ്പോയിയെന്നതിനെ ഒരു കുറവായി നീ കാണുന്നില്ലല്ലോ. നാഥാ, നിന്റെ പരിശുദ്ധ ഇസ്‌ലാമിന്റെ സുഗന്ധം അൽപമെങ്കിലും അനുഭവിക്കാനുള്ള ഭാഗ്യം ഞങ്ങൾക്ക്കൂടി തരേണമേ.'

ഒരു സൃഷ്ടിയോടും യാതൊരു വിവേചനവും കാണിക്കാത്ത പ്രപഞ്ചനാഥന്റെ അത്ഭുതകരമായ സഹായമാണ് പിന്നീടു ലഭിച്ചത്!

പിറ്റേദിവസം ഉച്ചയോടുകൂടി പതിനഞ്ചു വയസ്സ് പ്രായം തോന്നിക്കുന്ന രണ്ട് ആൺകുട്ടികൾ സഞ്ചിയും തൂക്കിപ്പിടിച്ച് വീട്ടുമുറ്റത്ത് വന്നു. ചെറുതും വലുതുമായ കുറെ കുപ്പികളിൽ എണ്ണ നിറച്ചിട്ടുണ്ട്. സംസാരം കേട്ട് ഞാൻ ഇറങ്ങിച്ചെന്നപ്പോൾ കണ്ടത് വാതത്തിനുള്ള കുഴമ്പിന്റ മാഹാത്മ്യത്തെക്കുറിച്ചും ഗുണഗണത്തെക്കുറിച്ചും വാചാലമായി അച്ഛനോടും അമ്മയോടും സംസാരിക്കുന്നതാണ്. സാമ്പിൾ രണ്ടുപേർക്കും ഒഴിച്ചുകൊടുത്തു. എന്നോട് ചോദിച്ചു: 'ചേട്ടനു കുഴമ്പു വേണോ.. നല്ല കുഴമ്പാ, എല്ലാ വേദനയും പറ പറക്കും.'

ഈ കൊച്ചു മിടുക്കന്മാരെ സൂക്ഷിച്ചു നോക്കിയപ്പോൾ എനിക്ക് എന്തോ ചില സംശയങ്ങൾ തോന്നാതിരുന്നില്ല.

'നിങ്ങളെന്താ ഇത്രയും കുറച്ച് സാധനവുമായി വന്നത്?' ഞാൻ ചോദിച്ചു.

'ചേട്ടാ രാവിലെ അമ്പത് കുപ്പിയുമായി ഇറങ്ങിയതാ. ബാക്കിയെല്ലാം ചൂടപ്പംപോലെ വിറ്റുപോയി. സ്കൂളിന് അവധിയായപ്പോൾ വെറുതെ ഇരിക്കാതെ ചില്ലറ കച്ചവടവുമായി ഇറങ്ങിയതാ... ചേട്ടനു വേണമെങ്കിൽ ബാക്കി പത്തുപന്ത്രണ്ട് കുപ്പിയേയുള്ളൂ. മൊത്തം എടുത്തോ... വില അൽപം കുറച്ചുതരാം.'

കുട്ടികൾ എന്റെ മുഖത്ത് നോക്കി ചിരിക്കുകയും എന്തോ രഹസ്യം പറയുന്ന പോലെ കണ്ണുകൊണ്ട് കാണിക്കുകയും ചെയ്തു. എന്തോ പന്തികേട് എനിക്ക് തോന്നി. രണ്ട് കുപ്പി കുഴമ്പ് വാങ്ങി. നാൽപതു രൂപ. ഞാൻ 50 രൂപയുടെ നോട്ട് കൊടുത്തു. ഒരാൾ പോക്കറ്റിൽ തപ്പിത്തിരഞ്ഞ് ബാക്കി എന്റെ കൈക്കുള്ളിൽ ചുരുട്ടിവച്ചു തന്നു. നോട്ടിനോടൊപ്പമതാ ഒരു തുണ്ട് കടലാസ്! (തുടരും)

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 56, ഭാഗം 5

# അൽവാഖിഅ (സംഭവം)

(മക്കയിൽ അവതരിച്ചത്)

63. എന്നാൽ നിങ്ങൾ കൃഷി ചെയ്യുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ?

64. നിങ്ങളാണോ അത് മുളപ്പിച്ചു വളർത്തുന്നത്, അതല്ല നാമാണോ, അത് മുളപ്പിച്ചു വളർത്തുന്നവൻ?

65. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് (വിള) നാം തുരുമ്പാക്കിത്തീർക്കുമായിരുന്നു. അപ്പോൾ നിങ്ങൾ അതിശയപ്പെട്ടു പറഞ്ഞുകൊണ്ടേയിരിക്കുമായിരന്നു;

66. തീർച്ചയായും ഞങ്ങൾ കടബാധിതർ തന്നെയാകുന്നു.

67. അല്ല, ഞങ്ങൾ (ഉപജീവന മാർഗം) തടയപ്പെട്ടവരാകുന്നു എന്ന്.

68. ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ?

69. നിങ്ങളാണോ അത് മേഘത്തിൻനിന്ന് ഇറക്കിയത്, അതല്ല, നാമാണോ ഇറക്കിയവൻ?

أَفَرَءَيْتُم مَّا تَحْرُثُونَ ﴿٦٣﴾
ءَأَنتُمْ تَزْرَعُونَهُۥٓ أَمْ نَحْنُ ٱلزَّٰرِعُونَ ﴿٦٤﴾
لَوْ نَشَآءُ لَجَعَلْنَٰهُ حُطَٰمًا فَظَلْتُمْ تَفَكَّهُونَ ﴿٦٥﴾
إِنَّا لَمُغْرَمُونَ ﴿٦٦﴾
بَلْ نَحْنُ مَحْرُومُونَ ﴿٦٧﴾
أَفَرَءَيْتُمُ ٱلْمَآءَ ٱلَّذِى تَشْرَبُونَ ﴿٦٨﴾
ءَأَنتُمْ أَنزَلْتُمُوهُ مِنَ ٱلْمُزْنِ أَمْ نَحْنُ ٱلْمُنزِلُونَ ﴿٦٩﴾

70. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദികാണിക്കാത്തതെന്താണ്?

71. നിങ്ങൾ ഉരസിക്കത്തിക്കുന്നതായ തീയിനെ പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ?

72. നിങ്ങളാണോ അതിന്റെ മരം സൃഷ്ടിച്ചുണ്ടാക്കിയത്? അതല്ല നാമാണോ സൃഷ്ടിച്ചുണ്ടാക്കിയവൻ?

73. നാം അതിനെ ഒരു ചിന്താവിഷയമാക്കിയിരിക്കുന്നു. ദരിദ്രരായ സഞ്ചാരികൾക്ക് ഒരു ജീവിതസൗകര്യവും.

74. ആകയാൽ നിന്റെ മഹാനായ രക്ഷിതാവിന്റെ നാമത്തെ നീ പ്രകീർത്തിക്കുക.

75. അല്ല, നക്ഷത്രങ്ങളുടെ അസ്തമയ സ്ഥാനങ്ങളെക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു.

76. തീർച്ചയായും, നിങ്ങൾക്കറിയാമെങ്കിൽ, അതൊരു വമ്പിച്ച സത്യംതന്നെയാണ്.

لَوۡ نَشَآءُ جَعَلۡنَٰهُ أُجَاجٗا فَلَوۡلَا تَشۡكُرُونَ ٧٠
أَفَرَءَيۡتُمُ ٱلنَّارَ ٱلَّتِي تُورُونَ ٧١
ءَأَنتُمۡ أَنشَأۡتُمۡ شَجَرَتَهَآ أَمۡ نَحۡنُ ٱلۡمُنشِـُٔونَ ٧٢
نَحۡنُ جَعَلۡنَٰهَا تَذۡكِرَةٗ وَمَتَٰعٗا لِّلۡمُقۡوِينَ ٧٣
فَسَبِّحۡ بِٱسۡمِ رَبِّكَ ٱلۡعَظِيمِ ٧٤
فَلَآ أُقۡسِمُ بِمَوَٰقِعِ ٱلنُّجُومِ ٧٥
وَإِنَّهُۥ لَقَسَمٞ لَّوۡ تَعۡلَمُونَ عَظِيمٌ ٧٦


63-67). അല്ലാഹു തന്റെ അടിമകൾക്ക് ചെയ്തുകൊടുത്ത ഒരനുഗ്രഹം എടുത്തുപറയുകയാണിവിടെ. അതിലൂടെ അവരെ ഏകദൈവ വിശ്വാസത്തിലേക്കും അവനെമാത്രം ആരാധിക്കുക, അവനിലേക്ക് ഖേദിച്ചുമടങ്ങുക എന്നിവയിലേക്കും ക്ഷണിക്കുകയാണ്. ഫലങ്ങളും കൃഷികളും കൃഷി ചെയ്യപ്പെടുന്ന നിലയിൽ അല്ലാഹു അവർക്ക് സൗകര്യപ്പെടുത്തി അനുഗ്രഹിച്ചു. അതിലൂടെ തിട്ടപ്പെടുത്താനാവാത്ത ഗുണങ്ങൾക്കും ആവശ്യങ്ങൾക്കും ഉപകരിക്കുന്ന പഴങ്ങളും ഭക്ഷണസാധനങ്ങളും ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. എത്ര നന്ദി ചെയ്താലും ബാധ്യത നിർവഹിച്ചാലും മതിയാകാത്തത്ര ഉന്നതമാണിത്. തന്റെ അനുഗ്രഹത്തെ അവൻ സ്ഥാപിക്കുന്നു. (നിങ്ങളാണോ അത് മുളപ്പിച്ച് വളർത്തുന്നത്, അതല്ല, നാമാണോ അത് മുളിപ്പിച്ചു വളർത്തുന്നവൻ?). അതായത്, ഭൂമിയിൽ നിന്നും ചെടിയെ പുറത്തെടുത്തത് നിങ്ങളാണോ? നിങ്ങളാണോ അതിനെ വളർത്തിയുണ്ടാക്കിയത്? പാകമായ പഴവും കൊയ്തെടുക്കാവുന്ന ധാന്യവും ആയിത്തീരുന്നതുവരെ കതിരുകളായി അതിനെ ഉൽപാദിപ്പിച്ചത് നിങ്ങളാണോ അതോ അതെല്ലാം ഒറ്റക്ക് നിർവഹിച്ച് നിങ്ങൾക്ക് അനുഗ്രഹം ചെയ്തത് അല്ലാഹുവോ? നിങ്ങൾക്ക് പരമാവധി ചെയ്യാൻ കഴിയുന്നത് ഭൂമി ഉഴുതുമറിക്കാനും വിത്തെറിയാനും മാത്രം. പിന്നീട് എന്താണ് സംഭവിക്കുന്നത് എന്ന് നിങ്ങൾക്കറിയില്ല. അതിനപ്പുറം ചെയ്യാൻ നിങ്ങൾക്കാവുമോ? അതോടൊപ്പം നീ അവർക്ക് പറഞ്ഞുകൊടുക്കേണ്ട മറ്റൊരു കാര്യമുണ്ട്.

ഈ കൃഷി വല്ല വിപത്തിനും വിധേയമായാൽ അല്ലാഹു അതിനെ സംരക്ഷിക്കുകയും നിങ്ങൾക്ക് ഉപയോഗിക്കാനാകുന്നതുവരെ അതിനെ എത്തിച്ചുതരുകയും ചെയ്തില്ലെങ്കിൽ (നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അതിനെ നാം ആക്കുമായിരുന്നു). കൃഷി ചെയ്യപ്പട്ട ആ വിളകളെയും അതിലുള്ള പഴങ്ങളെയും. (തുരുമ്പാക്കി തീർക്കുമായിരുന്നു). തുരുമ്പായി ചിന്നിച്ചിതറി യാതൊരു പ്രയോജനവും ഭക്ഷണവും ലഭിക്കാത്ത നിലയിൽ. (അപ്പോൾ നിങ്ങൾ ആയിക്കൊണ്ടിരിക്കും). നിങ്ങൾ ധാരാളം ചെലവുകൾ ചെയ്ത് ക്ഷീണിച്ച് അധ്വാനിച്ചതിന് ശേഷം അത് തുരുമ്പായി നശിക്കുമ്പോൾ നിങ്ങളായിത്തീരും. (അതിശയപ്പെട്ട് പറഞ്ഞുകൊണ്ടിരിക്കും) അതായത് നിങ്ങൾ ഖേദിക്കുകയും നിങ്ങൾക്ക് സംഭവിച്ചുപോയതിൽ ദുഃഖിക്കുകയും ചെയ്യും. അതിനാൽ നിങ്ങളുടെ സന്തോഷവും ആഹ്ലാദവും നഷ്ടപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പറയും: (ഞങ്ങൾ കടബാധിതർ തന്നെയാകുന്നു). ഞങ്ങൾക്ക് നഷ്ടം പറ്റി. വിനാശകരമായ വിപത്ത് ബാധിച്ചു. പിന്നീട് നിങ്ങൾക്ക് മനസ്സിലായി, അതെവിടെനിന്ന് വന്നെന്ന്; നിങ്ങൾക്ക് വിപത്തുവരാൻ കാരണമെന്തെന്നും. അപ്പോൾ നിങ്ങൾ പറയുന്നു: (അല്ല, ഞങ്ങൾ-ഉപജീവനമാർഗം- തടയപ്പെട്ടവരാകുന്നെന്ന്). അതിനാൽ നിങ്ങൾക്ക് കൃഷി മുളപ്പിച്ചുതന്നതിന് നിങ്ങളവനെ സ്തുതിക്കുക. പിന്നീട് ആ കൃഷി പൂർത്തീകരിച്ചുതരികയും ശേഷിപ്പിക്കുകയും ചെയ്തതിന്. നിങ്ങൾക്കുള്ള പ്രയോജനവും ഗുണവുമെല്ലാം ഇല്ലാതാകത്തക്ക

വിധത്തിലുള്ള അപകടങ്ങൾ നിങ്ങളുടെ മേൽ അയക്കാത്തതിനും.

68-70). ഇവിടെ അല്ലാഹു പറയുന്നത്, തന്റെ അടിമക്ക് ഭക്ഷണം നൽകിക്കൊണ്ട് ചെയ്ത അനുഗ്രഹത്തെ കുറിച്ചാണ്. കുടിക്കാൻ രുചികരമായ പാനീയത്തെ അനുഗ്രഹമായി നൽകിയതിനെ കുറിച്ച് പറയുന്നു. അതിന് അല്ലാഹു ഏളുപ്പമാക്കിക്കൊടുക്കുകയും സൗകര്യപ്പെടുത്തുകയും ചെയ്തില്ലെങ്കിൽ അത് കിട്ടാൻ നിങ്ങൾക്ക് ഒരു വഴിയുമുണ്ടാകുമായിരുന്നില്ല. അല്ലാഹുവാണതിനെ ഇറക്കിയത്. (മേഘത്തിൽ നിന്ന്). മേഘമാണിത്. അവൻ ഇറക്കുന്ന മഴമൂലം ഭൂമിയുടെ അകത്തും പുറത്തും നീരൊഴുക്കുണ്ടാക്കുന്നു. ശക്തമായി ഒഴുകുന്ന ജലപ്രവാഹമുണ്ടാക്കുന്നു. ആ വെള്ളത്തെ രുചികരവും ശുദ്ധവും മനസ്സുകളിഷ്ടപ്പെടുന്നതുമാക്കി. 'അവനതിനെ ഉപ്പുരസമുള്ളതാക്കാൻ ഉദ്ദേശിച്ചാൽ' (ദുസ്സ്വാദുള്ള) മറ്റൊരു പ്രയോജനവുമില്ലാതെ. (എന്നിരിക്കെ നിങ്ങൾ നന്ദി കാണിക്കാത്തതെന്താണ്?). ഈ അനുഗ്രഹങ്ങളെല്ലാം നിങ്ങൾക്ക് നൽകിയത് അല്ലാഹുവാണെന്നിരിക്കെ.

71-76). ഒരു പടപ്പിനും മാറ്റിനിർത്താൻ കഴിയാത്ത നിർബന്ധാവശ്യങ്ങളിൽ പെട്ടതാണീ അനുഗ്രഹം. ധാരാളം ആവശ്യങ്ങളിലും സുപ്രധാന കാര്യങ്ങളിലും മനുഷ്യർക്കേറെ ആവശ്യമുള്ളതാണിത്. മരങ്ങളിൽ കാണപ്പെടുന്ന തീയിനെ അല്ലാഹു അവർക്ക് നിശ്ചയിച്ചുകൊടുത്തു. ആ മരങ്ങളുണ്ടാക്കാൻ സൃഷ്ടികൾക്ക് സാധ്യമല്ല. പച്ചയായ മരത്തിൽനിന്ന് അല്ലാഹു മാത്രമാണ് അത് ഉണ്ടാക്കിയത്. അതിനാൽ മനുഷ്യന് തന്റെ ആവശ്യത്തിന്നനുസരിച്ച് തീ കത്തിക്കാൻ കഴിയും. ആവശ്യം കഴിഞ്ഞാലുടൻ അത് കെടുത്തിക്കളയാനും സാധിക്കും. (അതിനെ നാമൊരു ചിന്താവിഷയമാക്കിയിരിക്കുന്നു). അതും തങ്ങളുടെ രക്ഷിതാവിൽനിന്നുള്ള ഒരനുഗ്രഹമാണ്. ധിക്കാരികൾക്ക് അല്ലാഹു തയ്യാറാക്കിയ നരകത്തീയെ കുറിച്ചുള്ള ഉൽബോധനവും അതിലുണ്ട്. അനുഗൃഹീത ഭവനത്തിലേക്ക് തന്റെ അടിമകളെ എത്തിക്കാനുള്ള ഒരു വഴിയാക്കുകയും ചെയ്തു. അതിനെ (ദരിദ്രരായ സഞ്ചാരികൾക്ക് ഒരു ജീവിതസൗകര്യവും). ഉപയോഗപ്പെടുത്തുന്നവർക്ക്, അല്ലെങ്കിൽ യാത്രക്കാർക്ക്. ഇവിടെ യാത്രക്കാരെ അല്ലാഹു പ്രത്യേകം എടുത്തുപറഞ്ഞു. കാരണം യാത്രക്കാരന്റെ പ്രയോജനം മറ്റുള്ളവരെക്കാൾ പ്രാധാന്യം അർഹിക്കുന്നു. ഇഹലോകജീവിതം മുഴുവനും ഒരു യാത്രയുടെ കേന്ദ്രമാണല്ലോ. ജനിച്ചത് മുതൽ ഒരടിമ തന്റെ രക്ഷിതാവിങ്കലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. തീയെന്നത് ഈ ലോകത്ത് യാത്രക്കാർക്കുള്ള ഒരു പ്രയോജന വസ്തുവും ശാശ്വതലോകത്തെക്കുറിച്ചുള്ള ഒരു ഉൽബോധനവുമാണ്.



74). അടിമ അല്ലാഹുവിൽ നന്ദിചെയ്യുകയും ആരാധിക്കുകയും അവന്റെ മഹത്ത്വങ്ങളെ വാഴ്ത്തുകയും ചെയ്യാൻ ബാധ്യതപ്പെടുത്തുന്ന അനുഗ്രഹങ്ങളെ വ്യക്തമാക്കിയശേഷം അവനെ മഹത്ത്വപ്പെടുത്താനും പ്രകീർത്തിക്കാനും കൽപിക്കുന്നു. (ആകയാൽ നിന്റെ മഹാനായ രക്ഷിതാവിന്റെ നാമത്തെ നീ പ്രകീർത്തിക്കുക). സമ്പൂർണമായ നാമഗുണവിശേഷണങ്ങളുടെ മഹാനായ രക്ഷിതാവിനെ നീ പ്രകീർത്തിക്കുക. ധാരാളം ഗുണങ്ങളും നന്മകളും തരുന്നവൻ നിന്റെ ഹൃദയംകൊണ്ടും നാവുകൊണ്ടും ശരിരാവയവങ്ങൾ കൊണ്ടും നീ അവനെ സ്തുതിക്കുക. അവനതിന് അവകാശിയാണ്. നന്ദി കാണിക്കപ്പെടാൻ അർഹതപ്പെട്ടവൻ. വിസ്മരിക്കാതെ അവനെ ഓർമിക്കണം. ധിക്കരിക്കാതെ അവനെ അനുസരിക്കണം.

75-76). ഇവിടെ നക്ഷത്രങ്ങളെക്കൊണ്ടും അവയുടെ അസ്തമയ സ്ഥാനങ്ങളെക്കൊണ്ടും അല്ലാഹു സത്യംചെയ്തു പറയുന്നു. അസ്തമയ സ്ഥാനങ്ങളിലെ പതനസ്ഥാനങ്ങൾ, ആ സമയങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങൾ അല്ലാഹുവിന്റെ ഏകത്വത്തെയും മഹത്ത്വത്തെയും പ്രതാപത്തെയും അറിയിക്കുന്നു. സത്യം ചെയ്യുന്ന കാര്യവും മഹത്ത്വമേറിയതായിരിക്കുമല്ലോ. (തീർച്ചയായും നിങ്ങൾക്കറിയാമെങ്കിൽ അതൊരു വമ്പിച്ച സത്യം തന്നെയാണ്). തീർച്ചയായും സത്യം, ഒരു വമ്പിച്ച കാര്യം തന്നെ. കാരണം നക്ഷത്രങ്ങളിലും അതിന്റെ സഞ്ചാരത്തിലും അസ്തമയ സ്ഥാനത്തുള്ള പതനത്തിലും എണ്ണിക്കണക്കാക്കാനാവാത്ത ഗുണപാഠങ്ങളുണ്ട്.

ടി.കെ.അശ്റഫ്
tkashraf100@gmail.com

നമുക്ക് ചുറ്റും

# വഴിതെറ്റുന്ന മക്കളും മിഴിതുറക്കാത്ത രക്ഷിതാക്കളും

നമ്മുടെ വളർന്നുവരുന്ന തലമുറയുടെ വഴിവിട്ട ജീവിതത്തോടുള്ള ആസക്തിയുടെ കഥകൾ ഇന്ന് ഞെട്ടലുളവാക്കുന്ന ഒരു വാർത്തയേ അല്ലാതായി മാറിയിരിക്കുന്നു. ദിനേന അത്തരത്തിലുള്ള എത്രയെത്ര വാർത്തകളാണ് നാം കേട്ടുകൊണ്ടിരിക്കുന്നത്!

സാമൂഹിക മാധ്യമംവഴി പരിചയപ്പെട്ട ഒമ്പതാം ക്ലാസ് വിദ്യാർഥിനിയെ ഒരു യുവാവും സുഹൃത്തുക്കളും ചേർന്ന് മയക്കുമരുന്ന് നൽകി എട്ട് മാസമായി കുട്ടിയുടെ വീട്ടിൽ വെച്ചുതന്നെ പീഡിപ്പിച്ച് വരികയായിരുന്നു എന്ന ഹൃദയഭേദകമായ വാർത്തയാണ് ഇതെഴുതുമ്പോൾ മുന്നിലുള്ള പത്രത്തിലുള്ളത്.

പെൺകുട്ടിയുടെ പിതാവ് വിദേശത്താണ്. പിതാവിന്റെ, പ്രായമുള്ള മാതാപിതാക്കളും കുട്ടിയുടെ മാതാവും മാത്രമാണ് വീട്ടിലുള്ളത്. കുട്ടിയുമായുള്ള സൗഹൃദം മറയാക്കി മയക്ക് മരുന്നിന് അടിമയാക്കിക്കൊണ്ട് വീട്ടിലുള്ളവരുടെ ശ്രദ്ധയിൽ പെടാതെ ഇത്രയും നാൾ കുട്ടിയെ പീഡിപ്പിച്ചുവെന്ന വാർത്ത സത്യമാണെങ്കിൽ നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ അകത്തളങ്ങളിൽ നടക്കുന്ന അത്യന്തം അപകടകരമായ അടിയൊഴുക്കുകളെ ഗൗരവത്തോടെ പഠന വിധേയമാക്കേണ്ടതുണ്ട്.

ഇത്തരം സംഭവങ്ങളെ ഒറ്റപ്പെട്ടതെന്നു പറഞ്ഞ് തള്ളിക്കളയാനാകില്ല. പുറംലോകമറിയാതെപോകുന്ന എത്രയോ സംഭവങ്ങൾ ഉണ്ടാകുമെന്നതിൽ സംശയമില്ല. ഇത് വായിക്കുന്ന ഓരോരുത്തരും സ്വന്തം കുടുംബത്തെയും അയൽവാസികളെയും നാട്ടുകാരെയും കുറിച്ച് ചിന്തിക്കുക. അതീവ ജാഗ്രതയില്ലെങ്കിൽ ഇതുപോലെയും അതിലപ്പുറവും സംഭവിക്കാൻ പരുവപ്പെട്ട സാമൂഹ്യ പരിസരമാണ് നിലവിലുള്ളത്.

ചില ചോദ്യങ്ങൾ രക്ഷിതാക്കൾ സ്വയം ചോദിക്കേണ്ടതുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള ഫോൺ യഥേഷ്ടം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ? വിദ്യാലയത്തിലേക്കുള്ള പോക്കും വരവും സമയബന്ധിതമാണോ? മയക്കുമരുന്ന് ഉപയോഗിക്കുന്നവരുമായി എന്തെങ്കിലും തരത്തിൽ ബന്ധമുള്ളവരാണോ മക്കൾ? കുട്ടിയുടെ കൂട്ടുകെട്ട് അൽപം പിശകാണെന്ന് അധ്യാപകരോ നാട്ടുകാരോ കുടുംബത്തിൽ പെട്ടവരോ ആയി ആരെങ്കിലും നമ്മെ ഓർമപ്പെടുത്തിയിട്ടുണ്ടെങ്കിൽ നാം അത് ഗൗരവത്തിലെടുത്തിട്ടുണ്ടോ? സംശയിക്കപ്പെടുന്ന സാഹചര്യങ്ങൾ ആവർത്തിക്കുമ്പോഴും മക്കൾ പറയുന്നതിൽ മാത്രം വിശ്വസിച്ചിരിക്കുകയാണോ? കമ്പ്യൂട്ടറും ഫോണും പഠനാവശ്യങ്ങൾക്കപ്പുറം ദീർഘസമയം ഉപയോഗിക്കുന്ന പ്രവണത കുട്ടികളിലുണ്ടോ? ഇത്തരം ചോദ്യങ്ങൾക്ക് നമ്മുടെ ഉത്തരം എന്താണ്?

വിദേശത്തുള്ള രക്ഷിതാക്കൾ കുട്ടികളുടെ ഭൗതികമായ കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ പോരാ. ധാർമികവിശുദ്ധി പാലിച്ചുകൊണ്ടുള്ള ജീവിതത്തിന്റെ അനിവാര്യത കൂടി അവരെ ബോധ്യപ്പെടുത്തണം. അതിനെക്കുറിച്ച് ഇടയ്ക്കിടെ അവരോട് അന്വേഷിക്കണം. മക്കളുമായി കൂടുതൽസമയം ഇടപഴകാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം. വീട്ടിൽനിന്നു പഠനത്തിനും മറ്റുമായി പുറത്തുപോകുന്ന ഓരോ ദിവസത്തെ കാര്യങ്ങളും വിശദമായി ചോദിച്ചറിയണം; ഗുണകാംക്ഷയോടെ ഉള്ളുതുറന്ന് സംസാരിക്കണം. അപകടസൂചനകൾ ഓർമിപ്പിക്കണം. ധാർമിക ചിന്തയുണർത്തുന്ന ഉദ്ബോധനങ്ങൾ ശ്രവിക്കാനുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കണം. കുട്ടികളെ ശ്രദ്ധിക്കാൻ കഴിയാത്തവരിൽ അവരെ ഏൽപിച്ചുകൊണ്ട് മാതാപിതാക്കൾ വിദേശത്തു പോകുന്നതിലെ അപകടം തിരിച്ചറിയണം.

മയക്കുമരുന്നിനെതിരെയുള്ള ബോധവത്കരണം നാട്ടിൻ പ്രദേശങ്ങളിൽ ശക്തിപ്പെടുത്താൻ ഉത്തരവാദപ്പെട്ടവർ അമാന്തിച്ചുകൂടാ. വിദ്യാലയങ്ങൾക്ക് ചുറ്റും ലഹരി വസ്തുക്കൾ വിൽക്കപ്പെടുന്ന സാഹചര്യം ഇല്ലാതാക്കാൻ അധികാരികളും മത, സാമൂഹിക സംഘടനകളും ഒന്നിച്ച് രംഗത്തിറങ്ങണം.

ചെറുപ്പത്തിൽ ധാർമിക ശിക്ഷണം നൽകുന്നതിൽ വേണ്ടത്ര ശ്രദ്ധയില്ലാത്തവരും മതബോധം നാമമാത്രമായി മതിയെന്ന് ചിന്തിക്കുന്നവരും കുട്ടികളുടെ കാര്യത്തിൽ ജാഗ്രതപുലർത്താത്തവരുമായ രക്ഷിതാക്കൾ കുട്ടികളുടെ അപഥസഞ്ചാരത്തിന്റെ ഉത്തരവാദികളാണെന്ന കാര്യം ഓർക്കുന്നത് നന്ന്.

ഓൺലൈൻ കോൺഫറൻസിനോടനുബന്ധിച്ച് വിസ്ഡം ബുക്സ് പുതുതായി പുറത്തിറക്കിയ

**1400 രൂപയിലധികം വിലയുള്ള ഒരു ഡസൻ പുസ്തകങ്ങൾ**

# ഇപ്പോൾ വെറും 1000 രൂപക്ക്...!!!

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244


## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |



RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 MARCH 06

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# GREEN HOME

## RESIDENTIAL CAMPUS FOR BOYS



GREEN VALLEY
INSTITUTIONS

## What is ?

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

**Affiliated to CBSE, New Delhi,** the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green Home Residential Program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special Features Included

- Curriculum focusing on quran, belief system, jurisprudence and Islamic history
- Guidelines prepared by panel experts in the field of Islamic education
- Quran memorizing with tajweed
- Communicative Arabic and English

**Registration Open for Grade 5-9**
**(Boys Only)**

0495-220 8770
+91 8606788882
www.greenvalleycampus.com

**Green Valley Campus**
**Nellikkaparamba, Mukkam,**
**Calicut, Pin: 673602**